# തിരുഹൃദയ മാസിക
(The Sacred Heart Monthly)

**Vol. 80**
**2015 May**

**സമർപ്പിത വർഷം**

80 Years of Publication

*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001

## ഈ ലക്കത്തിൽ

- സർക്കുലറുകൾ
- കൂരിയ വാർത്തകൾ
- തൂവാനീസാ പ്രോഗ്രാം
- ചൈതന്യ പ്രോഗ്രാം
- വൊക്കേഷൻ കമ്മീഷൻ
- മതബോധന കമ്മീഷൻ
- സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
- കെ. സി. വൈ. എൽ.
- കെ. സി. ഡബ്ല്യു.എ.
- ലീജിയൻ ഓഫ് മേരി
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി
- അഭി. പിതാക്കന്മാരുടെ ഡയറി
- **Engagements**
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- വചനദർശനം
- വാർത്തകൾ

**വാർഷിക വരിസംഖ്യ**

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No. 168
Vocation
Sunday, 2015

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 10 - 03 - 2015

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

സമർപ്പിതവർഷമായി സാർവത്രികസഭ ആചരിക്കുന്ന ഈ വർഷത്തിലെ ദൈവവിളി ദിനം സവിശേഷമായ നമ്മുടെ ശ്രദ്ധ അർഹിക്കുന്നു. പൗരോഹിത്യ-സന്ന്യസ്ത വിളി വയലിൽ ഒളിഞ്ഞിരിക്കുന്ന നിധിപോലെയാണ്. ഓരോരുത്തർക്കും ദൈവം ദാനമായി നല്കുന്ന ദൈവവിളിയെ തിരിച്ചറിഞ്ഞ് അതിലൂടെ ജീവിതദൗത്യം നിർവഹിക്കുവാൻ ഈ ദിനം നമ്മെ അനുസ്മരിപ്പിക്കുന്നു.

സാർവത്രികസഭ 2015 ഏപ്രിൽ 26-ാം തീയതി ദൈവവിളി ഞായറായി ആഘോഷിക്കുന്ന ദിനത്തിൽതന്നെ നമ്മുടെ അതിരൂപതയും ദൈവവിളിദിനമായി ആചരിക്കണമെന്ന് ഞാൻ അറിയിക്കുന്നു. ഈ ദിനത്തിൽ ഫ്രാൻസിസ് പാപ്പാ തന്നിരിക്കുന്ന വിഷയം "നമ്മൾ ദൈവത്തിന്റെ ജനം" (We are God's People) എന്നതാണ്. മാമ്മോദീസായിലൂടെ ദൈവമക്കളായി തീർന്നിരിക്കുന്ന ഓരോ ക്രൈസ്തവനും ഈ ബഹുമതിയിൽ ജീവിക്കാൻ യോഗ്യനാണ്.

ഫ്രാൻസിസ് പാപ്പായുടെ "ആനന്ദിക്കുവിൻ" എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഇപ്രകാരം പറയുന്നു. "സമർപ്പിതർ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം സന്തോഷമുണ്ട്." യേശുവിനെ കണ്ടുമുട്ടുന്നയെല്ലാവരുടെയും ഹൃദയവും ജീവിതവും സന്തോഷം കൊണ്ടു നിറയുന്നു. കർത്താവിനെ പിൻതുടരുന്നതിനുവേണ്ടി എല്ലാം ഉപേക്ഷിക്കുമ്പോൾ അനുഭവിക്കുന്ന സന്തോഷമാണ് സമർപ്പിതർക്കുള്ളത്. ലോകത്തെ ഉണർത്താൻ പ്രത്യേക കഴിവുള്ള സ്ത്രീ-പുരുഷന്മാരായിരിക്കണം സമർപ്പിതർ.

സന്തോഷമാണ് സമർപ്പണത്തിന്റെ സൗന്ദര്യം. ദൈവത്തിൽ നിന്നുള്ള ആശ്വാസം എല്ലാവർക്കും എത്തിച്ചു കൊടുക്കുന്നതിലുള്ള

സന്തോഷം. അതിനു സന്തോഷം ആദ്യം ഉള്ളിലനുഭവിക്കണം. എങ്കിലേ തങ്ങളുടെ ജീവിതസാക്ഷ്യം വഴി മറ്റുള്ളവരിലേക്ക് ഈ ആനന്ദം നല്കുവാൻ സാധിക്കുകയുള്ളൂ. "ബലഹീനരെ നേടേണ്ട തിനു ഞാൻ അവർക്കു ബലഹീനനായി. എല്ലാ പ്രകാരത്തിലും കുറെപ്പേരെ രക്ഷിക്കേണ്ടതിനു ഞാൻ എല്ലാവർക്കും എല്ലാമായി" (1 കൊറി 9:22) എന്ന തിരുവചനം അന്വർത്ഥമാക്കാൻ കഴിയണം. "നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല ഞാൻ നിങ്ങളെ തിരഞ്ഞെ ടുക്കുകയാണ് ചെയ്തത്" (യോഹ. 15:16) എന്ന ചിന്തയോടെ ദൈവീ കദാനമായ ദൈവവിളിയെ ആത്മാക്കളുടെ രക്ഷയ്ക്കും ദൈവമ ഹത്വത്തിനുമായി സമർപ്പിക്കണം. അപ്പോൾ വി. പൗലോസിനെ പ്പോലെ "ഇനിമേൽ ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കു ന്നത്" (ഗലാ. 2:20) എന്ന മനോഭാവത്തോടെ ജീവിക്കാൻ ഓരോ സമർപ്പിതർക്കും കഴിയും.

സഭാസമൂഹത്തിന്റെ അടിത്തറ പണിയപ്പെട്ടിരിക്കുന്നത് കുടും ബങ്ങളിലാണ്. നല്ല കുടുംബാന്തരീക്ഷമാണ് നല്ല ദൈവവിളിയുടെ വിളനിലങ്ങൾ. അതിനാൽ ദൈവവിളിയുടെ പ്രാരംഭ പരിശീലനം ആരംഭിക്കുന്നത് കുടുംബങ്ങളിൽ നിന്നാണ്. അംബരചുംബികളായ കെട്ടിടങ്ങളെ എന്നും താങ്ങിനിർത്തുന്നത് അതിന്റെ അടിത്തറയാ ണ്. ഇതുപോലെ ദൈവവിളി സ്വീകരിച്ച ഓരോ വ്യക്തിയുടെയും അടിസ്ഥാനമെന്നത് കുടുംബത്തിൽ മാതാപിതാക്കളിൽ നിന്ന് ലഭി ക്കുന്ന പരിശീലനം ആണ്. സമ്പത്തിനോടു അമിതാവേശം നിറഞ്ഞ ഈ കാലത്ത്, മാതാപിതാക്കൾ ദൈവം തങ്ങൾക്കു ദാനമായി നല്കിയ മക്കളെ സഭാ-സാമുദായിക ഉന്നമനത്തിനായി നല്കു മ്പോഴാണ് ദൈവവിളിയുടെ സംസ്കാരം പൂവണിയപ്പെടുന്നത്.

ദൈവവിളി പ്രോത്സാഹനത്തിൽ സഭയോട് സഹകരിക്കാൻ ഓരോ ക്രൈസ്തവനും കടമയുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസി ലിന്റെ വൈദികപരിശീലനം (O.T. No. 2) എന്ന പ്രമാണരേഖ യിൽ ഇക്കാര്യം ഊന്നൽകൊടുത്തു പറയുന്നു. "ദൈവവിളിയുടെ വർദ്ധനയെ മുൻനിർത്തി ദൈവജനം ഏകോപിച്ചു നടത്തുന്ന പ്രയത്നം ദൈവപരിപാലനയോടുള്ള സഹകരണം ആണ്." ദൈവ

വിളിക്കായി തങ്ങളുടെ മക്കളെ ദൈവം തിരഞ്ഞെടുക്കുന്നതിൽ മാതാപിതാക്കന്മാർ അതീവ സന്തുഷ്ടരും അതിനെ വളർത്തി പരിപോഷിപ്പിക്കാൻ ഉത്സുകരും ആയിരിക്കണം.

വെല്ലുവിളികളും ആരോപണങ്ങളും നിറഞ്ഞ ജീവിത വഴിത്താരയിൽ ധൈര്യപൂർവ്വം മുന്നോട്ട് നീങ്ങുവാൻ സന്ന്യസ്തർക്ക് ദൈവജനത്തിന്റെ ശക്തമായ പിന്തുണ അനിവാര്യമാണ്. പരിശീലനത്തിനാവശ്യമായ സാമ്പത്തിക സഹായം നല്കിക്കൊണ്ട് അവരുടെ വളർച്ചയിൽ നമുക്ക് പങ്കുചേരാവുന്നതാണ്. നമ്മുടെ അതിരൂപതയിലെ വൈദിക വിദ്യാർത്ഥിഫണ്ടിൽ അംഗങ്ങളായി വൈദിക പരിശീലനത്തിൽ പങ്കാളികളാകുന്ന ഏവരെയും ഞാൻ അഭിനന്ദിക്കുന്നു. ബഹു. വികാരിയച്ചന്മാർ ഇക്കാര്യത്തിൽ കാണിക്കുന്ന താല്പര്യത്തെ പ്രത്യേകം നന്ദിയോടെ ഓർക്കുകയും കൂടുതൽ വ്യക്തികളെ ഇതിനായി പ്രോത്സാഹിപ്പിക്കണമെന്ന് ഓർമിപ്പിക്കുകയും ചെയ്യുന്നു.

പൗരോഹിത്യ-സമർപ്പിത ദൈവവിളി സ്വീകരിച്ച് വിശുദ്ധിയുടെ സോപാനങ്ങളിലേക്കുയർത്തപ്പെട്ട വിശുദ്ധരായ ചാവറയച്ചനും എവുപ്രാസ്യമ്മയും അൽഫോൻസാമ്മയും എന്നും ആഗോളസഭയ്ക്ക് പ്രത്യേകിച്ച് സീറോ മലബാർ സഭയ്ക്ക് ഒരു മുതൽകൂട്ടാണ്. ഇത്തരത്തിൽ ദൈവവിളികളെ കണ്ടെത്തുന്നതിനും തിരഞ്ഞെടുക്കുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുകയാണ് ദൈവവിളി ക്യാമ്പുകൾ. കോട്ടയത്ത് ആൺകുട്ടികൾക്കായുള്ള ദൈവവിളിക്യാമ്പ് ഏപ്രിൽ 13-ാം തീയതി മുതൽ 15-ാം തീയതി വരെയും പെൺകുട്ടികൾക്കായുള്ള ക്യാമ്പ് ഏപ്രിൽ 16-ാം തീയതി മുതൽ 18-ാം തീയതി വരെയും ചൈതന്യാ പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നു. മലബാറിൽ പെൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പ് ഏപ്രിൽ 13-ാം തീയതി മുതൽ 15-ാം തീയതി വരെയും ആൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പ് ഏപ്രിൽ 16-ാം തീയതി മുതൽ 18-ാം തീയതിവരെയും കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽവച്ചും നടത്തപ്പെടുന്നു.

അതിരൂപതയിലോ അതിരൂപതയ്ക്കു വെളിയിലോ ഉള്ള വൈദിക-സന്യാസ സമൂഹങ്ങളിൽ ചേരുവാനാഗ്രഹിക്കുന്ന യുവതി യുവാക്കൾ അതിരൂപതാ തലത്തിൽ നടത്തപ്പെടുന്ന ദൈവവിളി ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കണമെന്ന കാര്യം പ്രത്യേകം ഓർമിപ്പിക്കട്ടെ. അതിനാൽ എസ്.എസ്.എൽ.സി.യോ ഉപരിവിദ്യാഭ്യാസ യോഗ്യതയോ ഉള്ള തല്പരരും സദ്സ്വഭാവികളുമായ യുവതി യുവാക്കളെ ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കാൻ മാതാപിതാക്കളും ബഹു. വൈദികരും പ്രത്യേകം ശ്രദ്ധിക്കണം. അതിരൂപതയ്ക്ക് വെളിയിൽ വൈദിക-സന്യാസ സമൂഹങ്ങളിൽ ചേരുവാനാഗ്രഹിക്കുന്നവർ അതിരൂപതാ ദൈവവിളി കേന്ദ്രത്തിൽ നിന്നും അതിനുള്ള പ്രത്യേകാനുവാദം വാങ്ങിയിരിക്കണം.

നല്ല ദൈവവിളികൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും അതിരൂപതാ ദൈവവിളി കമ്മീഷനും ഇടവകകളും കുടുംബങ്ങളും വ്യക്തികളും നടത്തുന്ന എല്ലാ സംരംഭങ്ങളെയും നിത്യപുരോഹിതനായ ഈശോ അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട്,

സ്നേഹപൂർവ്വം

**✠മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: (1) ഈ സർക്കുലർ 2015 ഏപ്രിൽ 12-ാം തീയതി ഞായറാഴ്ച നമ്മുടെ ദൈവാലയങ്ങളിൽ വി. കുർബാന മധ്യേ വായിച്ചറിയിക്കേണ്ടതാണ്.

(2) ദൈവവിളി ക്യാമ്പുകൾ ആദ്യദിനം വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് മൂന്നാംദിനം ഉച്ചകഴിഞ്ഞ് 1 മണിക്ക് അവസാനിക്കുന്നു. ക്യാമ്പ് ഫീസ് 300 രൂപയാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്ത് നിർബന്ധമായും കൊണ്ടുവരണം.

Circular No. 169
**Admission to Children's Homes, Home for the aged & Rehabilitation Centres**

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 19 - 03 - 2015

പ്രിയ ബഹു അച്ചാ,

നിർദ്ധനരും ആലംബഹീനരുമായ ബാലികാബാലന്മാരെയും വൃദ്ധ ജനങ്ങളെയും വികലാംഗരെയും രോഗികളെയും സംരക്ഷിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി നമ്മുടെ അതിരൂപതയുടെ വിവിധ ഭാഗ ങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് പ്രവേശനം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു. അപേക്ഷാഫോറം അതതു സ്ഥാപന ങ്ങളിൽനിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷാഫോറം മെയ് 5 നകം അതതു സ്ഥാപനങ്ങളിൽ ലഭിച്ചിരിക്കണം.

## A. ബാലഭവനങ്ങൾ

### 1. സെന്റ് തോമസ് ബാലികാഭവൻ, കുറുമുള്ളൂർ

നിർദ്ധനരും സൽസ്വഭാവികളും സമർത്ഥരുമായ പെൺകുട്ടികൾക്ക് 5 മുതൽ 8 വരെ ക്ലാസ്സുകളിലേക്ക് പ്രവേശനം നല്കുന്നു. ഫോൺ: **0481-2731492.**

### 2. തിരുബാലനഗർ, ഉഴവൂർ

നിർദ്ധനരും സൽസ്വഭാവികളും സമർത്ഥരുമായ ആൺകുട്ടികൾക്ക് ഈ സ്ഥാപനത്തിൽ അഞ്ചുമുതൽ എട്ടുവരെ ക്ലാസ്സുകളിലേക്ക് പ്രവേ ശനം നല്കുന്നു. ഫോൺ: **0482-2240646.**

### 3. മാർ മാക്കീൽ ബാലികാഭവൻ, പുന്നത്തുറ

പുന്നത്തുറ മാർ മാക്കീൽ ബാലികാഭവനിൽ 8-ാം ക്ലാസിലേയ്ക്ക് (2015-2016) കോട്ടയം അതിരൂപതയിൽപ്പെട്ട സമർത്ഥരും സാമ്പത്തിക ശേഷി കുറഞ്ഞവരും സ്കൂൾ സമീപത്തില്ലാത്തവരുമായ പെൺകുട്ടി കൾക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. നാട്ടിലുള്ളവർക്ക് അപേക്ഷാ ഫോറം ബാലികാഭവനിൽ നിന്നും മലബാറിലുള്ളവർക്ക് സമീപത്തുള്ള വിസിറ്റേഷൻ മഠത്തിൽ നിന്നും ലഭിക്കുന്നതാണ്. ഫോൺ: **0481-2542160.** ഏപ്രിൽ 20ന് മുൻപ് അപേക്ഷാ ഫോറം ഈ സ്ഥാപനത്തിൽ ലഭിച്ചിരിക്കണം. Sr. Superior, Mar Makil Balika Bhavan, Punnathura East P.O., Kottayam - 686583.

**4. ബേസ്ത്‌ലായ്, കടുത്തുരുത്തി**

നിർദ്ധനരും സൽസ്വഭാവികളും സമർത്ഥരുമായ ആൺകുട്ടികൾക്ക് 5, 6, 7, 8 ക്ലാസിലേക്ക് ഇവിടെ പ്രവേശനം ലഭിക്കുന്നു. ഇതര സമുദായത്തിൽപ്പെട്ടവർക്കും അപേക്ഷിക്കാം. ഫോൺ: **04829-282528.**

**5. പയസ്സ് ഹോം, പയ്യാവൂർ**

നിർദ്ധനരായവരും പഠിച്ച സ്കൂളിൽ 50 ശതമാനം മാർക്കെങ്കിലുമുള്ളവരുമായ പെൺകുട്ടികൾക്ക് അഞ്ചു മുതൽ എട്ടുവരെ ക്ലാസ്സുകളിലേക്ക് ഈ സ്ഥാപനത്തിൽ പ്രവേശനം ലഭിക്കുന്നതിന് അപേക്ഷിക്കാം. ഫോൺ: **0460-2210163.**

**6. സെന്റ് ജോസഫ്സ് ബാലികാഭവൻ, ഏച്ചോം**

കോട്ടയം അതിരൂപതയിൽപ്പെട്ട നിർധനരും, സമർത്ഥരും, സൽസ്വഭാവികളുമായ പെൺകുട്ടികൾക്ക് എട്ട്, ഒൻപത്, പത്ത് ക്ലാസുകളിലേക്കുള്ള പ്രവേശനം ലഭിക്കുന്നു. ഫോൺ: **04936-286291.**

**7. ആശാഭവൻ, മംഗലഗിരി**

മംഗലഗിരിയിലും സമീപപ്രദേശങ്ങളിലുമുള്ള ആദിവാസികളോ നിർദ്ധനരോ ആയ കുട്ടികൾക്ക് തിങ്കൾ മുതൽ വെള്ളിവരെ ഈ സ്ഥാപനത്തിൽ താമസിച്ച് ലോവർ പ്രൈമറി സ്കൂളിൽ പഠിക്കുവാൻ സൗകര്യമൊരുക്കുന്നു. ഫോൺ: **8281911503.**

## പ്ലസ് ടൂ പഠനത്തിന്

**1. സീനായ് ഭവൻ പേരൂർ**

ഹൈറേഞ്ച് മേഖലയിലെ നിർദ്ധനരും സമർത്ഥരുമായ പെൺകുട്ടികൾക്ക് പ്ലസ് ടു വിദ്യാഭ്യാസം സൗജന്യമായി നൽകുന്നതിനായി കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ പ്രവർത്തിക്കുന്ന സീനായ് ഭവനിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഫോൺ: **0481-2532917**

**2. സെന്റ് സ്റ്റീഫൻസ് ചാരിറ്റബിൾ ഓറിയന്റേഷൻ സെന്റർ, ഉഴവൂർ**

നിർദ്ധനരും സമർത്ഥരുമായ പെൺകുട്ടികൾക്ക് സൗജന്യമായി പ്ലസ് ടൂ വിദ്യാഭ്യാസം നൽകുന്നതിനായി ബഹു. വെട്ടുകല്ലേൽ മത്തായി അച്ചനും വിസിറ്റേഷൻ കോൺഗ്രിഗേഷനും ചേർന്ന് ഉഴവൂർ ആരംഭിച്ചിരിക്കുന്ന സെന്ററിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഫോൺ: **0482-2240021.**

## B. അംഗവൈകല്യമുള്ളവർക്കുള്ള സ്ഥാപനങ്ങൾ (Homes for the Physically Handicapped)

### 1. സെന്റ് തോമസ് അസൈലം, കൈപ്പുഴ

ദൈവദാസൻ തൊമ്മിയച്ചനാൽ സ്ഥാപിക്കപ്പെട്ട ഭവനത്തിൽ അംഗവൈകല്യമുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും പ്രായപരിധി നോക്കാതെ പ്രവേശനവും സംരക്ഷണവും പരിശീലനവും നല്കുന്നു. ഫോൺ: **0481-2711191.**

### 2. സെന്റ് തോമസ് ഹോം, കിടങ്ങൂർ

അംഗവൈകല്യമുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും പ്രായപരിധി നോക്കാതെ പ്രവേശനവും സംരക്ഷണവും പരിശീലനവും നല്കുന്നു. ഫോൺ: **0482-2254059.**

### 3. സെന്റ് ജോസഫ്സ് ഹോം, കാപ്പിസെറ്റ്

അംഗവൈകല്യമുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും പ്രവേശനവും സംരക്ഷണവും നല്കുന്നു. ഫോൺ: **04936-240918.**

## C. വൃദ്ധമന്ദിരങ്ങൾ (Homes for the Aged)

### 1. ബി.റ്റി.എം. വൃദ്ധമന്ദിരം, തെള്ളകം

നിർധനരും നിരാലംബരും സൽസ്വഭാവികളും വൃദ്ധരുമായ സ്ത്രീകൾക്കും പുരുഷന്മാർക്കും ഇവിടെ അഭയവും സംരക്ഷണവും നല്കുന്നു. പ്രായം 65 ന് മുകളിൽ ആയിരിക്കണം. ഫോൺ: **0481-2790570.**

### 2. സെന്റ് ജോൺസ് വൃദ്ധമന്ദിരം, പൂഴിക്കോൽ

അനാഥരും നിർധനരും 65 വയസ്സിനുമേൽ പ്രായമുള്ളവരുമായ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രവേശനവും പരിചരണവും ലഭിക്കുന്നു. ഫോൺ: **8547583374.**

## D. ബുദ്ധിവൈകല്യമുള്ളവർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ (Homes for the Mentally Challenged)

### 1. മാർത്താഭവൻ, പൂഴിക്കോൽ

ബുദ്ധിവൈകല്യമുള്ളവരും അഞ്ചിനും പന്ത്രണ്ടിനും മദ്ധ്യേ പ്രായമുള്ളവരുമായ നാനാജാതി മതസ്ഥരായ ആൺകുട്ടികൾക്കും പെൺകുട്ടി

കൾക്കും പ്രവേശനവും പരിശീലനവും നല്കുന്നു. ഫോൺ: **8547503894.**

**2. പ്രതീക്ഷാഭവൻ, കണ്ണൂർ**

കണ്ണൂരിൽ സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കുവേണ്ടിയാണ് ഈ ഡേ സ്കൂൾ പ്രവർത്തിക്കുന്നത്. ഫോൺ: **0497-2746833.**

**3. ജോസ്ഗിരി, ഏറ്റുമാനൂർ**

15 വയസ്സിനുമേൽ പ്രായമുള്ളവരും ബുദ്ധിവൈകല്യമുള്ളവരുമായ പെൺകുട്ടികൾക്കും സ്ത്രീകൾക്കുമാണ് ഇവിടെ പരിശീലനവും സംരക്ഷണവും നല്കുന്നത്. ഫോൺ: **0481-2535834.**

**4. സാൻജോസ് വിദ്യാലയ, ഏറ്റുമാനൂർ**

ഏറ്റുമാനൂരിൽ സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കുവേണ്ടിയാണ് ഈ ഡേ സ്കൂൾ പ്രവർത്തിക്കുന്നത്. മൂന്നു വയസ്സു മുതൽ 18 വയസ്സുവരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഇവിടെ അഡ്മിഷൻ ലഭിക്കും. മൂന്നു വയസ്സു മുതൽ 18 വയസ്സ് വരെയുള്ള പെൺകുട്ടികൾക്ക് ബോർഡിംഗ് സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.

ചലനവൈകല്യമുള്ള കുട്ടികൾക്കുവേണ്ടിയുള്ള Physiotherapy, Speech Therapy Centre ഉം ഈ സ്ഥാപനത്തോടൊപ്പം പ്രവർത്തിക്കുന്നുണ്ട്. ഫോൺ: **0481-2535894.**

**5. സെന്റ് ജോസഫ്സ് ഭവൻ, തോട്ടറ**

സെന്റ് ജോസഫ്സ് കോൺവെന്റിനോടനുബന്ധിച്ചു നടത്തുന്ന ഈ സ്ഥാപനത്തിൽ 14 നും 30 നും മദ്ധ്യേ പ്രായമുള്ളവരും ബുദ്ധിവൈകല്യമുള്ളവരുമായ പെൺകുട്ടികൾക്ക് പ്രവേശനവും പരിശീലനവും നല്കുന്നു. ഫോൺ: **0484-2746675.**

**6. മരിയഭവൻ, ഞീഴൂർ**

14 വയസ്സിനു മുകളിൽ പ്രായമുള്ള ബുദ്ധിവൈകല്യമുള്ള സ്ത്രീകളെ സ്വീകരിച്ച് സംരക്ഷണവും പരിശീലനവും നല്കുന്നു.

ഫോൺ: **04829-263117.**

**7. സെന്റ് ജോസഫ്സ് സ്പെഷ്യൽ സ്കൂൾ, ചുള്ളിക്കര**

ചുള്ളിക്കരയിൽ സെന്റ് ജോസഫ്സ് കോൺവെന്റിനോടനുബന്ധിച്ച് മലബാറിലെ ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കുവേണ്ടി ഈ ഡേ സ്കൂൾ പ്രവർത്തിക്കുന്നു. ഫോൺ: **0467-2226886.**

## E. മരണാസന്നർക്കുവേണ്ടിയുള്ള ഭവനങ്ങൾ (HOSPICES)

**1. സെന്റ് ജോസഫ്സ് ഹോം, ഗാന്ധിനഗർ**

സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ മരണാസന്നരായ കാൻസർ രോഗികളെ ഈ സ്ഥാപനത്തിൽ സംരക്ഷിച്ചു പരിപാലിക്കുന്നു. ഫോൺ: **0481-2598490.**

**2. ജ്യോതിർഭവൻ, ഗാന്ധിനഗർ**

എച്ച്.ഐ.വി.-എയ്ഡ്സ് രോഗികളായ സ്ത്രീകൾക്ക് സംരക്ഷണവും പരിചരണവും നൽകുന്ന ഈ സ്ഥാപനം സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ കോട്ടയം മെഡിക്കൽ കോളേജിന് സമീപം പ്രവർത്തിക്കുന്നു. ഫോൺ: **0481-2598990.**

സസ്നേഹം,

**മോൺ. മാത്യു ഇളപ്പാനിക്കൽ**
പ്രോ പ്രോട്ടോസിഞ്ചെല്ലൂസ്

---

P.S. ഈ സർക്കുലറിലെ വിവരങ്ങൾ ഏപ്രിൽ 5-ാം തീയതി ഞായറാഴ്ച പള്ളികളിൽ അറിയിക്കേണ്ടതാണ്.

# കൂരിയാ വാർത്തകൾ
## വൈദിക നിയമനങ്ങൾ

| | |
|---|---|
| Rev. Fr. Achirathalackal Baiju | Bisonvalley |
| Rev. Fr. Adoppillil Thomas | Piravom |
| Rev. Fr. Aikkara Jees | Panniyal |
| Rev. Fr. Animottil Philip | Chullikkara |
| Rev. Fr. Cheriyil Benny OSH | Airode |
| Rev. Fr. Cheriyil Boby OSH | Mattakkara |
| Rev. Fr. Chethalil Bins | Director, Chaithanya & Secretary, KSSS |
| Rev. Fr. Chethalil John | Retired |
| Rev. Fr. Chettikkathottathil ShibyOSH | Kanamvayal |
| Rev. Fr. Chirapurath Jose | Kaduthuruthy |
| Rev. Fr. Choozhikunnel Kurian OSH | Koodalloor |
| Rev. Fr. Edathiparambil Thomas | Edackat & Secretary, Corporate Educational Agency of Schools |
| Rev. Msgr. Elappanickal Mathew | Malloossery |
| Rev. Fr. Ettiepallil Mathew | Kattachira |
| Rev. Fr. Kaitharam Thomas | Syncellus for Syro- Malankara & Chairman of the Eccumenical Commission |
| Rev. Fr. Kalappurackal Anish OSH | Relieved |
| Rev. Fr. Kalarickal Abraham | Pachira |
| Rev. Fr. Kalarickal Jery OSH | Rajagiri (Attappady) |
| Rev. Fr. Kalathara Philmon | Chengalam & Bursar BCM College, Kottayam and Director of Self Financing Courses |
| Rev. Fr. Kannalayil Mathew | Veliyanad |

| | |
|---|---|
| Rev. Fr. Kannampadathil Abhilash | Nelliyady & Ajkkar |
| Rev. Fr. Kannuvettiyel Jose OSH | Relieved |
| Rev. Fr. Kappukalayil George | Madampam |
| Rev. Fr. Karimpil Luke | Payyavoor Town & Chandanackampara |
| Rev. Fr. Karimpumkalayil Thomas | Karimkunnam |
| Rev. Fr. Karukaparambil Jose OSH | Chakkupallam & Kattappana |
| Rev. Fr. Kochuparambil Boby | Assistant Kaipuzha |
| Rev. Fr. Kochuparambil Lijo | Puthussery & Vice Principal, St. Anne's School Vellamunda |
| Rev. Fr. Kochuparambil Shanju | Malom & Vice Principal, St. Anne's School, Kottody (in addition) |
| Rev. Fr. Kochuputhenpurackal Thomas | Assistant Director of Mar Makil Gurukulam & Study |
| Rev. Fr. Kothakulam Cyriac OSH | Relieved |
| Rev. Fr. Kudunthayil George OSH | Relieved |
| Rev. Fr. Kuriathara Mathew OSH | Director Pastoral Care Caritas |
| Rev. Fr. Kurisummoottil Thomas | Relieved from Syncellus for Syro- Malankara & Chairman of the Eccumenical Commission |
| Rev. Fr. Kurupanthara Jose | Kallara Old & Vechoor |
| Rev. Fr. Kuruppinakath Jacob | Uzhavoor |
| Rev. Fr. Kuruttuparambil Winson | Marika |
| Rev. Fr. Malithuruthel Jacob | Padamugham |
| Rev. Fr. Mampuzhackal Jose OSH | Odayamchal |

| | |
|---|---|
| Rev. Fr. Mankottil Bineesh | KCYL & Catechism Malabar region, Kannur |
| Rev. Fr. Maveliputhenpura Anish | Boarding rector & Teacher, Peermade |
| Rev. Fr. Moolakkatt James | Senapathy |
| Rev. Fr. Mukalel Baiju | Punaloor & Vice Rector, MSP |
| Rev. Fr. Mukalel Shaji | Kottody & Principal St. Anne's School |
| Rev. Fr. Mukalel Roji | Thiruvananthapuram & Vithura |
| Rev. Fr. Mulavanal Joseph OSH | Karippadam |
| Rev. Fr. Mulavelipurath Anish OSH | Vice Principal Sreepuram School |
| Rev. Fr. Mullamangalath Santhosh | Vice Rector Bethsleehe & Teacher ITC Kaduthuruthy |
| Rev. Fr. Muriankottunirappel Stephen OSH | Mangidappilly |
| Rev. Fr. Muttath Abraham OSH | Assistant Perikkalloor |
| Rev. Fr. Muyalkallinkal Arun | Michaelgiri |
| Rev. Fr. Nandikunnel Joice | Peringala & Manjakkad |
| Rev. Fr. Nedumthuruthilputhenpura Michael | Kumarakom |
| Rev. Fr. Nellikkakandathil Joseph | Chairman Catechism Commission |
| Rev. Fr. Ottakunnel Mathew OSH | Assistant Madampam |
| Rev. Fr. Ozhungalil Brezen | Rector Bethsleehe & Chairman Family Commission |
| Rev. Fr. Parackal Joseph | Perikkalloor |

| | |
|---|---|
| Rev. Fr. Parambettu Abraham | Director Barmariam Pastoral Centre Kannur |
| Rev. Fr. Patheeparambil Jomy | Vice Rector Minor Seminary & Assitant Manager Catholic Mission Press, Kottayam |
| Rev. Fr. Pathiyil Shijan OSH | Olessa |
| Rev. Fr. Patiyal George | Thiroor & Mankuzhy |
| Rev. Fr. Perumanoor Sunil | Kottoorvayal (in addition) |
| Rev. Fr. Pinarkayil Tinesh | Assistant Boarding Rector Peermade |
| Rev. Fr. Placheripurath Jobin | Mangaladam & Kanthalam |
| Rev. Fr. Plathottathil James | Changaleri |
| Rev. Fr. Poochakattil John | Director Vianney Home (in addition) |
| Rev. Fr. Poovathummoottil Abraham | N.R. City |
| Rev. Fr. Puchookandathil Joby | Velloor |
| Rev. Fr. Pulivelil Winson | Puthuvely |
| Rev. Fr. Pullattu Simon | Chaplain KCYL & Diaspora |
| Rev. Fr. Puthenparambil Saiju | Kattode |
| Rev. Fr. Puthenpurackal Stephen | Payyavoor |
| Rev. Fr. Puthiyakunnel Thomas | Procurator Vadavathoor Seminary |
| Rev. Fr. Puthuparambil George | Chunkom |
| Rev. Fr. Puthuparambil Joseph OSB | Pazhuthuruth |
| Rev. Fr. Thadathil Jacob | Miao Diocese |
| Rev. Fr. Thaipurayidathil Prince | Edakkoly |
| Rev. Fr. Tharapputhottiyil Jose | Poozhikol |
| Rev. Fr. Tharathattel Abraham OSH | Cherukara |

| | |
|---|---|
| Rev. Fr. Tharayil Biby | Rector Minor Seminary & Chairman Vocation Commission |
| Rev. Fr. Thazhathuvettath Thomas OSH | Relieved |
| Rev. Fr. Thekkunilkunnathil Jose | Kurumulloor |
| Rev. Fr. Unnukallel George | Vakathanam |
| Rev. Fr. Urumbilkarott Joseph OSH | Assistant Uzhavoor |
| Rev. Fr. Vakkeparambil Roy OSH | Varappetty |
| Rev. Fr. Valavunkal Cherian | Chamakkala |
| Rev. Fr. Valiaputhenpurayil Mathews | Kozhikode & Assistant Secretary MASSS |
| Rev. Fr. Vellaickal Shinoj | Assistant Manager Kottayam Estate & Kanhangad |
| Rev. Fr. Vellieppallil Bibin OSH | Thellithode & Poothaly |
| Rev. Fr. Vettikattu Michael | Pro-Proto Syncellus |

**മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

# തൂവാനീസ പ്രോഗ്രാം

| | |
|---|---|
| മെയ് 1, 8, 15, 22, 29 | ജാഗരണ പ്രാർത്ഥന |
| 4 – 7 | എഫ്ഫാത്ത 2015 |
| 9 | ജീസസ് യൂത്ത് കൂട്ടായ്മ |
| 7 – 10 | പരിശുദ്ധാത്മാഭിഷേക ധ്യാനം<br>ഫാ. ജിബിൽ, ബ്രദർ തോമസ് കുര്യൻ & ടീം |
| 11 – 13 | ക്രിസ്റ്റീൻ ധ്യാനം |
| 14 – 16 | ക്രിസ്റ്റീൻ ധ്യാനം |
| 17 – 21 | ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം<br>ഫാ. ജോസ് വടകര, ബ്രദർ അലക്സ് & ടീം |
| 22 – 24 | ക്രിസ്റ്റീൻ ധ്യാനം |
| 24 – 28 | ആന്തരികവിശുദ്ധീകരണ ധ്യാനം<br>ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം |

# CHAITHANYA PROGRAMME
## May 2015

| Date | Programme |
|---|---|
| 1-3 | Wake - Knanaya Students Meet |
| 4-5 | KCYL Edackadu Forane Camp |
| 5 | Chaithanya Commission Meeting |
| 6 | Driver's Training - Road Safety Department |
| 6-15 | SBT Staff Training |
| 7 | KSSS Animators' Meeting |
| 7-9 | Pre-Marriage Course |
| 9 | KSSS Mushroom Cultivation Training |
| 9 | KSSS Ornament-making Training |
| 9 | KSSS Candle-making Training |
| 9-10 | CML State Level Meet |
| 9 | Samarppitha Sangamam |
| 11 | KSSS Beautician Training |
| 13 | KSSS Co-ordinators Meeting |
| 15-16 | NCPR Meet |
| 20 | KSSS Fish Cultivation Training |
| 21-22 | KSSS CBR Camp |
| 22 | KSSS LIFFE Meeting |
| 23 | Driver's Training - Transport Department |
| 23-24 | Mattancherry Family Get together |
| 24 | Doctor's Family Meet |
| 26 | KSSS Co-Ordinators' Meeting |
| 27 | Teacher's orientation Seminar |
| 27 | KSSS CBR CRC |

# വൊക്കേഷൻ കമ്മീഷൻ

## ദൈവവിളി ക്യാമ്പുകൾ നടത്തി

കോട്ടയം അതിരൂപതാ ദൈവവിളി കമ്മീഷന്റെ ആഭിമുഖ്യത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായുള്ള ദൈവവിളി ക്യാമ്പുകൾ കോട്ടയത്ത് ചൈതന്യാ പാസ്റ്ററൽ സെന്ററിലും കണ്ണൂരിൽ ബറുമറിയം പാസ്റ്ററൽ സെന്ററിലും വച്ച് നടത്തപ്പെട്ടു. കോട്ടയത്തുവച്ച് ഏപ്രിൽ 13 –15 വരെ ആൺകുട്ടികൾക്കായി നടത്തപ്പെട്ട ക്യാമ്പിൽ 132 കുട്ടികളും ഏപ്രിൽ 16–18 വരെ പെൺകുട്ടികൾക്കായി ചൈതന്യയിൽ നടത്തിയ ക്യാമ്പിൽ 73 കുട്ടികളും പങ്കെടുത്തു. മലബാറിലുള്ള ആൺകുട്ടി കൾക്കുള്ള ദൈവവിളി ക്യാമ്പ് ഏപ്രിൽ 16–18 വരെ കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. പ്രസ്തുത ക്യാമ്പിൽ 103 ആൺകുട്ടി കളും 13–15 വരെ പെൺകുട്ടികൾക്കായി നടത്തപ്പെട്ട ദൈവവിളി ക്യാമ്പിൽ 45 പെൺകുട്ടികളും പങ്കെടുത്തു.

**ഫാ. ജോസ് തേക്കുനിൽക്കുന്നതിൽ**
ചെയർമാൻ, വൊക്കേഷൻ കമ്മീഷൻ

# മതബോധന കമ്മീഷൻ

## സൺഡേസ്കൂൾ വാർഷിക പരീക്ഷ

1 മുതൽ 9 വരെ ക്ലാസുകാരുടെ വാർഷിക പരീക്ഷ 2015 ഏപ്രിൽ 6 ന് നടന്നു.

## വിശ്വാസ വിരുന്ന്

2015 ഏപ്രിൽ 7 മുതൽ 11 വരെ എല്ലാ സൺഡേസ്കൂളിലും വിശ്വാ സവിരുന്ന് നടന്നു.

## 12–ാം ക്ലാസിലെ സ്പെഷ്യൽ കോഴ്സ്

6 ബാച്ചുകളിലായി തൂവാനീസായിൽ നടക്കുന്ന 12–ാം ക്ലാസിലെ സ്പെഷ്യൽ കോഴ്സിന്റെ അഞ്ച് ബാച്ച് കഴിഞ്ഞു. ആറാം ബാച്ച് മെയ് 4 മുതൽ 7 വരെ നടത്തപ്പെടുന്നതാണ്.

കോഴ്സിൽ പൂർണ്ണമായും സംബന്ധിക്കുന്നവർക്കു മാത്രമേ HCCII സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ.

## ഇന്റൻസീവ് കോഴ്സ്

2015 മെയ് 5 മുതൽ 8 വരെ തീയതികളിൽ 12-ാം ക്ലാസുകാർക്കായുള്ള ഇന്റൻസീവ് കോഴ്സ് ചേർപ്പുങ്കൽ ഗുഡ് സമരിറ്റൻ സെന്ററിൽ വച്ച് നടത്തുന്നതായിരിക്കും. 5-ാം തീയതി ഉച്ചകഴിഞ്ഞ് 4 മണിക്ക് ആരംഭിച്ച് 8-ാം തീയതി വൈകുന്നേരം 5 മണിക്ക് അവസാനിക്കുന്നതാണ്. കോഴ്സ് ഫീസ് 900 രൂപയാണ്. ഇന്റൻസീവ് കോഴ്സിൽ പങ്കെടുക്കാനിരിക്കുന്നവർ തൂവാനീസായിൽ വച്ച് നടക്കുന്ന സ്പെഷ്യൽ കോഴ്സിൽ നിർബന്ധമായും പങ്കെടുത്തിരിക്കണം.

## Say പരീക്ഷ

10, 12 ക്ലാസുകാർക്കുള്ള SAY പരീക്ഷയും 12-ാം ക്ലാസുകാർക്ക് ഇന്റൻസീവ് കോഴ്സിന് ശേഷമുള്ള പരീക്ഷയും 2015 മെയ് 17ന് 1.30 p.m മുതൽ 7.30 p.m. വരെ ചൈതന്യയിൽ വച്ച് നടത്തുന്നതാണ്.

## പരീക്ഷാ ഫലം

സൺഡേസ്കൂൾ 10-ാം ക്ലാസിന്റെ റിസൾട്ട് പബ്ലിഷ് ചെയ്തിരിക്കുന്നു. റിസൾട്ടും സർട്ടിഫിക്കറ്റും ചൈതന്യ വേദപാഠം ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്. സൺഡേസ്കൂൾ 12-ാം ക്ലാസിന്റെ റിസൾട്ട് 2015 മെയ് 11 ന് പ്രസിദ്ധീകരിക്കും.

റെഗുലർ സ്കൂൾ കാറ്റിക്കിസം, മോറൽ സയൻസ് IV, VII, X ക്ലാസുകളിലെ സ്കോളർഷിപ്പ് പരീക്ഷയുടെ റിസൾട്ട് മെയ് 11ന് പബ്ലിഷ് ചെയ്യുന്നതാണ്.

## പ്രഥമാധ്യാപക സെമിനാർ

2015 മെയ് 24ന് രാവിലെ 9.30 മുതൽ 4 മണിവരെ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

## സൺഡേസ്കൂൾ അദ്ധ്യയനവർഷം

2015-2016 സൺഡേസ്കൂൾ അദ്ധ്യായനവർഷം 2015 ജൂൺ 7ന് ആരംഭിക്കുന്നതാണ്.

**ഫാ. ജോസഫ് തറപ്പുതൊട്ടിയിൽ**
മതബോധന കമ്മീഷൻ ചെയർമാൻ

# സെന്റ് വിൻസന്റ് ഡി പോൾ

## ചുമതലയേറ്റു

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കേരളാ റീജിയൺ കോ-ഓർഡിനേറ്ററായി കോട്ടയം സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്ര. കെ. ജെ. ജോസ് കോതാലടിയിൽ ചുമതലയേറ്റു. ഏറ്റുമാനൂർ ഇടവകാംഗമായ ഇദ്ദേഹം കേരളാ റീജിയൺ ട്രഷററായും ജോയിന്റ് കോ-ഓർഡിനേറ്ററായും പ്രവർത്തിച്ചിട്ടുണ്ട്.

## മലബാർ എ.സി.യ്ക്ക് പുതിയ പ്രസിഡന്റ്

സെന്റ് വിൻസെന്റ് ഡി പോൺ സൊസൈറ്റി മലബാർ ഏരിയാ കൗൺസിലിന്റെ പുതിയ പ്രസിഡന്റായി പയ്യാവൂർ സെന്റ് ആൻസ് ഇടവകാംഗമായ ബ്ര. എം.പി. ജേക്കബ് മുട്ടാട്ടുമലയിൽ തെരഞ്ഞെടുക്കപ്പെട്ടു.

**കെ. ജെ. ജോസ്** (പ്രസിഡന്റ്)

# കെ. സി. വൈ. എൽ.

## കരിയർ ഗൈഡൻസ് പ്രോഗ്രാം സംഘടിപ്പിച്ചു

വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ മികച്ച തീരുമാനങ്ങളെടുക്കുവാൻ വിദ്യാർത്ഥികളെയും യുവജനങ്ങളെയും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കെ.സി.വൈ.എൽ. അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ ഏപ്രിൽ 14-ാം തീയതി ചൊവ്വാഴ്ച ചൈതന്യ പാസ്റ്ററൽ സെന്ററിൽ വെച്ച് ഏകദിന കരിയർ ഗൈഡൻസ് പ്രോഗ്രാം സംഘടിപ്പിച്ചു. കെ.സി.വൈ.എൽ. അതിരൂപതാ പ്രസിഡന്റ് ഷിനോ കുന്നപ്പിള്ളിൽ അദ്ധ്യക്ഷത വഹിച്ചു. ഉദ്ഘാടന സമ്മേളനം ഷെവലിയർ ജോയി ജോസഫ് കൊടിയന്തറ ഉദ്ഘാടനം ചെയ്തു.

നാല് സെക്ഷനുകളിലായിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. വിദേശ രാജ്യങ്ങളിൽ പഠന-ജോലി സാദ്ധ്യതകളെപ്പറ്റി കെ.കെ. ശ്രീനിവാസൻ (കൺസൽടന്റ് സെന്റ് മേരീസ് ഗ്രൂപ്പ്, കോട്ടയം) സർക്കാർ-പൊതുമേഖല എന്നിവിടങ്ങളിലെ അവസരങ്ങളെക്കുറിച്ച് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ ബോർഡ് അംഗമായ പ്രൊഫ. ഗ്രേസമ്മ മാത്യു എന്നിവർ ക്ലാസുകൾ നയിച്ചു. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ഓപ്പ

റേഷൻസ് ഹെഡായി സേവനം ചെയ്ത സംക്രാന്തി ഇടവകാംഗമായ ടി.പി. എബ്രാഹം കരിയർ തെരഞ്ഞെടുക്കുമ്പോൾ ഇന്നത്തെ യുവജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി സംസാരിച്ചു. ഇന്ത്യയിലെ പ്രഗത്ഭ കരിയർ ഗുരുവായ ഡോ. പി.ആർ. വെങ്കിട്ടരാമൻ ഉന്നത വിദ്യാഭ്യാസ രംഗത്തെ അനന്ത സാദ്ധ്യതകളെക്കുറിച്ചും മികച്ച തൊഴിൽ മേഖലകളിലേയ്ക്ക് പ്രവേശിക്കുന്നതിനായുള്ള വഴികളെക്കുറിച്ചും യുവജനങ്ങളോടും മാതാപിതാക്കളോടും സംസാരിച്ചു. അവരുടെ എല്ലാ സംശയങ്ങൾക്കും അദ്ദേഹം മറുപടി നൽകി. പരിപാടിയുടെ സമാപനത്തോട് അനുബന്ധമായി കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. പുതിയ കാലഘട്ടത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞുള്ള പഠനവും അതിനനുസരിച്ചുള്ള ജോലിയും തെരഞ്ഞെടുക്കുവാൻ യുവജനങ്ങൾ സന്നദ്ധരാകണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. കെ.സി.വൈ.എൽ. അതിരൂപതാ ചാപ്ലയിൻ ഫാ. എബ്രഹാം പറമ്പേട്ട്, ജോയിന്റ് ഡയറക്ടർ തോമസ് മാത്യു, സിസ്റ്റർ അഡ്വൈസർ സി. സാങ്റ്റാ, മറ്റ് അതിരൂപതാ ഭാരവാഹികളായ ദിനൂപ് മലയിൽ, ദീപു വടക്കേടത്ത്, ജിൻസ് പൂത്തറ, ബെൻസി വലിയപറമ്പിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ദിനൂപ് പി. മലയിൽ**
ജനറൽ സെക്രട്ടറി

# കെ. സി. ഡബ്ല്യു. എ.

## കെ.സി.ഡബ്ല്യു.എ. അതിരൂപതാ തലത്തിൽ ധ്യാനവും മാതൃദിനാഘോഷവും നടത്തുന്നു

കെ.സി.ഡബ്ല്യു.എ. യുടെ അതിരൂപതാ തലത്തിലുള്ള ധ്യാനം മെയ് 9-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 1 മണി വരെ നീറിക്കാട്ട് ലൂർദ്ദ് മാതാ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. കപ്പൂച്ചിയൻ സമൂഹാംഗം ഫാ. സുരേഷ് ആണ് ധ്യാനം നയിക്കുന്നത്.

ഉച്ചഭക്ഷണത്തിനുശേഷം 2 മണിയോടു കൂടി മാതൃദിനാഘോഷ പരിപാടി ആരംഭിക്കും. എല്ലാ ഫൊറോനയിൽ നിന്നുമുള്ള കെ.സി.ഡബ്ല്യു.എ. അംഗങ്ങളുടെ കലാപരിപാടികളും ഉണ്ടായിരിക്കും.

**ബീനാ രാജു** (സെക്രട്ടറി)

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരിയുടെ എക്സിക്യൂട്ടീവ് യോഗം ഏപ്രിൽ 7-ാം തീയതി ബഹു. ജോസ് കുറുപ്പന്തറ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രാർത്ഥനയ്ക്കും നിയമഗ്രന്ഥ പ്രാർത്ഥനയ്ക്കും ശേഷം ലീജിയൻ അംഗങ്ങളുടെ തീർത്ഥാടനത്തെക്കുറിച്ച് ചർച്ച ചെയ്യുകയും വടക്കുംമുറി, തൊടുപുഴ എന്നിവിടങ്ങളിലേയ്ക്ക് പോകാൻ തീരുമാനിക്കുകയും ചെയ്തു. അച്ചന്റെ ആശീർവാദത്തോടെ 4 മണിക്ക് യോഗം പര്യവസാനിച്ചു. അടുത്ത യോഗം മെയ് 5 എന്ന് തീരുമാനിക്കുകയും ചെയ്തു.

**മോളി സൈമൺ കരിമ്പുംകാലായിൽ**
(പ്രസിഡന്റ്)

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി വികസന പാതയിൽ വരും ദിനങ്ങളിൽ

## ലോക പരിസ്ഥിതി ദിനാചരണം ജൂൺ 5 ന്

ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിപുലമായ പരിപാടികളോടെ കെ.എസ്.എസ്.എസ് ലോകപരിസ്ഥിതി ദിനാചരണം സംഘടിപ്പിക്കുന്നു. ദിനാചരണത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസ് നടപ്പിലാക്കുന്ന വിവിധ പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും മത-സാമൂഹിക-രാഷ്ട്രീയ- പരിസ്ഥിതി രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന പൊതുസമ്മേളനവും പരിസ്ഥിതിദിന പ്രതിഞ്ജയും നടത്തപ്പെടും. കൂടാതെ പരിസ്ഥിതി സംരക്ഷണത്തെ ആസ്പദമാക്കി സെമിനാറും വൃക്ഷ തൈ വിതരണവും വിവിധ പരിസ്ഥിതി സൗഹാർദ്ദ മത്സരങ്ങളും സംഘടിപ്പിക്കും.

## കേന്ദ്രതല കർഷക പ്രതിനിധി സംഗമം സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നാളികേര ഉൽപാദകസംഘ ഭാരവാഹികളെയും അതത് ഗ്രാമത്തിൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന നേതൃകർഷകരെയും കേന്ദ്രതല പുരുഷ ഫെഡറേഷൻ ഭാരവാഹികളെയും ഉൾപ്പെടുത്തി കർഷക പ്രതിനിധി സംഗമം സംഘടിപ്പിക്കുന്നു. മെയ് 11 തിങ്കളാഴ്ച രാവിലെ 10ന് ചൈതന്യ പാസ്റ്ററൽ സെന്റ

റിൽ സംഘടിപ്പിക്കുന്ന സംഗമത്തിൽ നാളികേര വികസന ബോർഡ് ചെയർമാൻ റ്റി. കെ. ജോസ് ഐ.എ.എസ്, മാർക്കറ്റിംഗ് ഓഫീസർ കെ. എസ് സെബാസ്റ്റ്യൻ എന്നിവർ പങ്കെടുക്കും. സംഗമത്തോടനുബന്ധിച്ച് കാർഷിക മേഖലയും അനന്ത സാധ്യതകളും എന്ന വിഷയത്തിൽ സെമി നാറും തുടർ പ്രവർത്തന ചർച്ചകളും നടത്തപ്പെടും.

## കെ. എസ്. എസ്. എസ് മാതൃദിനാചരണം മലങ്കര മേഖലയുടെ നേതൃത്വത്തിൽ

അന്താരാഷ്ട്ര മാതൃദിനത്തോടനുബന്ധിച്ച് കോട്ടയം സർവ്വീസ് സൊസൈറ്റി മലങ്കര മേഖലയുടെ നേതൃത്വത്തിൽ മാതൃദിനാഘോഷം സംഘടിപ്പിക്കുന്നു. മെയ് 12 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് വെളിയ നാട് സെന്റ് മൈക്കിൾസ് പാരിഷ് ഹാളിൽ സംഘടിപ്പിക്കുന്ന ദിനാഘോ ഷത്തിന്റെ ഉദ്ഘാടനം സംസ്ഥാന വനിത കമ്മീഷൻ അംഗം ഡോ. പ്രമീള ദേവി.ജെ നിർവ്വഹിക്കും. ദിനാചരണത്തോടനുബന്ധിച്ച് സ്വയം സഹായ സംഘങ്ങളിലൂടെ മുഖ്യധാരാവത്ക്കരണം എന്ന വിഷയത്തെ ആസ്പദ മാക്കി സെമിനാറും, മാതൃദിന റാലിയും സംഘടിപ്പിക്കും.

## തിമിര നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.എസ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി സഹകരിച്ച് പ്രവർത്തന ഗ്രാമങ്ങളിൽ തിമിര നിർണ്ണയ ക്യാമ്പുകൾ സംഘ ടിപ്പിക്കുന്നു. ക്യാമ്പിൽ പങ്കെടുത്ത് രോഗ നിർണ്ണയം നടത്തുന്നവർക്ക് തുടർ ചികിത്സാ സൗകര്യങ്ങളും ഒരുക്കുന്നതാണ്. ഏപ്രിൽ മാസത്തിൽ എസ്. എച്ച് മൗണ്ട് , പേരൂർ ഗ്രാമങ്ങളിൽ നടത്തിയ ക്യാമ്പിൽ പങ്കാളികളായ 368 പേരിൽ നിന്ന് 41 പേർക്ക് തിമിരം ഉള്ളതായി കണ്ടെത്തുകയും തുടർ ചികിത്സാ ക്രമീകരണങ്ങൾ ഒരുക്കുകയും ചെയ്തു. മെയ് മാസത്തിൽ 6 -ാം തീയതി പൂഴിക്കോലും 21-ാം തീയതി ചാരമംഗലത്തും 28-ാം തീയതി കണ്ണങ്കരയിലും ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

## വാഹന - റോഡ് സുരക്ഷ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു

വാഹന-റോഡ് സുരക്ഷ അവബോധം പൊതുസമൂഹത്തിൽ ഉളവാ ക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സംസ്ഥാന റോഡ് സുരക്ഷ അഥോറിറ്റിയുമായി സഹകരിച്ച് വാഹന

റോഡ് സുരക്ഷ അവബോധ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. പദ്ധതിയുടെ ആദ്യഘട്ടമായി മെയ് 6 ബുധനാഴ്ച രാവിലെ 10.30 മുതൽ ഡ്രൈവർമാർക്കായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയോട നുബന്ധിച്ച് റോഡ് സുരക്ഷ നിയമങ്ങളെക്കുറിച്ചും ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും വിദഗ്ദ്ധർ ക്ലാസ്സുകൾ നയിക്കും.

## തീർത്ഥാടന സന്ദർശന യാത്ര സംഘടിപ്പിക്കുന്നു

വയോജനങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സീനി യർ സംഘത്തിലെ അംഗങ്ങൾക്കായി തീർത്ഥാടന സന്ദർശന യാത്ര സംഘടിപ്പിക്കുന്നു. സന്ദർശനയാത്രയുടെ ഭാഗമായി ഇതിനോടകം മല ങ്കര, ചുങ്കം മേഖലകളിൽ നിന്നും സീനിയർ സ്വാശ്രയ സംഘാംഗങ്ങൾ തീർത്ഥാടന യാത്ര സംഘടിപ്പിച്ചു. യഥാക്രമം 47, 45 അംഗങ്ങൾ പങ്കെടുത്തു. മെയ് 1-ാം തീയതി വെള്ളിയാഴ്ച കൈപ്പുഴ മേഖലയുടെയും മെയ് 6-ാം തീയതി ബുധനാഴ്ച ഉഴവൂർ മേഖലയുടെയും മെയ് 16-ാം തീയതി ശനിയാഴ്ച കിടങ്ങൂർ മേഖലയുടെയും മെയ് 19-ാം തീയതി ചൊവ്വാഴ്ച കടുത്തുരുത്തി മേഖലയുടെയും നേതൃത്വത്തിൽ സീനിയർ സംഘാംഗങ്ങൾക്കായി തീർത്ഥാടനയാത്ര സംഘടിപ്പിക്കും.

## സംരംഭകത്വ സെമിനാർ

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ചുങ്കം മേഖലയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘാംഗങ്ങൾക്കായി സംരംഭകത്വ സെമി നാർ സംഘടിപ്പിക്കുന്നു. മെയ് 20-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് ചുങ്കം പാരീഷ് ഹാളിലാണ് സെമിനാർ സംഘടിപ്പിക്കുന്നത്. ഇടുക്കി ജില്ല വ്യവസായ ഓഫീസുമായി സഹകരിച്ച് നൂതന വ്യവസായ സംരംഭകത്വത്തെ കുറിച്ചാണ് സെമിനാർ സംഘടിപ്പിക്കുന്നത്.

## മൽസ്യ കൃഷി പരിശീലനം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വിവിധ ഭക്ഷ്യ സുരക്ഷ പ്രവർത്തനങ്ങളുടെ ഭാഗമായി മൽസ്യകൃഷി പരിശീലനം സംഘടിപ്പിക്കുന്നു. ജൂൺ 20 ശനിയാഴ്ച ചൈതന്യയിൽ രാവിലെ 10.30 മുതൽ 3.30 വരെയാണ് പരിശീലനം സംഘ ടിപ്പിക്കുന്നത്. പരിശീലനത്തോടനുബന്ധിച്ച് മൽസ്യകൃഷിയുടെ

ശാസ്ത്രീയ രീതികൾ വിപണന സാധ്യതകൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസ്സുകൾ നയിക്കും.

## ഹരിതവേദി മേഖല സംഗമം

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ചുങ്കം മേഖലയിൽ പ്രവർത്തിക്കുന്ന ഹരിതവേദി അംഗങ്ങളുടെ മേഖല സംഗമം സംഘടിപ്പിക്കുന്നു. മെയ് 10-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2.30ന് ചുങ്കം മിനി പാരീഷ് ഹാളിലാണ് സംഗമം സംഘടിപ്പിക്കുന്നത്. തൊടുപുഴ കൃഷി ഓഫീസുമായി സഹകരിച്ച് 'കാർഷിക മേഖലയും കർഷകരും' എന്ന വിഷയത്തിൽ സെമിനാറും നടത്തപ്പെടും.

## നവോമി ക്ലസ്റ്റർ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നവോമി ഗ്രൂപ്പംഗങ്ങൾക്കായി ക്ലസ്റ്റർ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നു. അതാത് മേഖലയുടെ നേതൃത്വത്തിലാണ് മീറ്റിംഗുകൾ സംഘടിപ്പിക്കുന്നത്. ക്ലസ്റ്റർ മീറ്റിംഗിൽ വിധവകളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സും, ഫിസിയോതെറാപ്പിയും, വ്യായാമ പരിശീലനവും ക്രമീകരിച്ചിട്ടുണ്ട്.

## സി.ബി.ആർ ബട്ടർഫ്ളൈ ക്യാമ്പ്

ഭിന്നശേഷിയുള്ള കുട്ടികളുടെ സമഗ്ര വളർച്ചയ്ക്കും വ്യക്തിത്വ വികസനത്തിനും വഴിയൊരുക്കുക എന്ന ലക്ഷ്യത്തോടെ മെയ് 21, 22 തീയതികളിൽ സി.ബി.ആർ കുട്ടികൾക്കായി ബട്ടർഫ്ളൈ ക്യാമ്പ് ചൈതന്യയിൽ സംഘടിപ്പിക്കുന്നു. മെയ് 21 രാവിലെ 10.30ന് ആരംഭിച്ച് 22ന് മൂന്ന് മണിക്ക് ക്യാമ്പ് സമാപിക്കും. ക്യാമ്പിനോടനുബന്ധിച്ച് വ്യക്തിത്വ പരിശീലനം, കാർട്ടൂൺ രചന, യോഗ, പഠന യാത്ര എന്നിവയും ക്രമീകരിച്ചിട്ടുണ്ട്.

## സി.ബി.ആർ അഗാപ്പെ ഡെകെയർ സെന്ററിൽ ജൂൺ ഒന്നിന് ക്ലാസ്സുകൾ ആരംഭിക്കും

കെ.എസ്.എസ്.എസിന്റെ സമൂഹാധിഷ്ഠിത പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഭിന്നശേഷിയുള്ള കുട്ടികൾക്കായി കുമരകം, ഉഴവൂർ, ചേർപ്പുങ്കൽ, കൈപ്പുഴ എന്നീ ഗ്രാമങ്ങളിൽ പ്രവർത്തിച്ച് വരുന്ന അഗാപ്പെ സെന്ററുകളിൽ ജൂൺ ഒന്നിന് പുതിയ അദ്ധ്യയന വർഷത്തെ ക്ലാസ്സുകൾ ആരംഭിക്കും. സെന്ററിലൂടെ കുട്ടികൾക്ക് ദിനചര്യകളുടെ പരി

ശീലനം, ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, യോഗ, ശാസ്ത്രീയ വിദ്യാഭ്യാസം, തൊഴിൽ പരിശീലനങ്ങൾ എന്നീ സേവനങ്ങളാണ് സൗജന്യമായി ലഭ്യമാക്കുന്നത്. പുതിയ അഡ്മിഷനും വിശദാംശങ്ങൾക്കുമായി 9447141676 എന്ന നമ്പറിൽ ബന്ധപ്പെടുക.

# പരിശീലനങ്ങൾ

## ബ്യൂട്ടീഷ്യൻ പരിശീലനം

ബ്യൂട്ടീഷ്യൻ പരിശീലനം മെയ് 11 തിങ്കളാഴ്ച മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. ത്രെഡിംഗ്, വാക്സിംഗ്, ബ്ലീച്ചിംഗ്, ഫേഷ്യൽ, ഹെയർ കട്ടിംഗ്, ഹെന്ന, പെഡിക്യൂർ, മെനിക്യൂർ, ഹോട്ട് ഓയിൽ മസാജ്, സ്പിഞ്ചിംഗ്, ബ്രൈഡൽ മേക്കപ്പ്, കാത് കുത്ത്, കാത് ഒട്ടിക്കൽ, ഫ്ളവർ അറേഞ്ച്മെന്റ്, കാർ ഡെക്കറേഷൻ എന്നിവയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9961017249 എന്ന നമ്പരിൽ ബന്ധപ്പെടുക.

## തയ്യൽ പരിശീലനം

മെയ് 9-ാം തീയതി ശനിയാഴ്ച മുതൽ ചൈതന്യയിൽ തയ്യൽ പരിശീലനം സംഘടിപ്പിക്കുന്നു. അടിസ്ഥാന തയ്യൽ പരിശീലനവും, ചുരിദാർ, നൈറ്റി, സാരി ബ്ലൗസ് തുടങ്ങിയ ഇനങ്ങളിലും പരിശീലനം സംഘടിപ്പിക്കും.

## കൂൺ കൃഷി പരിശീലനം

കൂൺകൃഷി പരിശീലനം മെയ് 9-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. പരിശീലനം പൂർത്തിയാക്കി കൂൺകൃഷി യൂണിറ്റ് തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് കൂൺ കൃഷി തുടങ്ങുന്നതിന് ആവശ്യമായ സാമഗ്രികൾ ചൈതന്യ കാർഷിക നേഴ്സറിയിൽ നിന്ന് ലഭ്യമാക്കുന്നതോടൊപ്പം കൂൺ വിപണനത്തിനുള്ള സാധ്യതകളും ക്രമീകരിക്കും.

## ആഭരണ നിർമ്മാണ പരിശീലനം

ആഭരണ നിർമ്മാണ പരിശീലനം മെയ് 9-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ സംഘടിപ്പിക്കുന്നു. ആഭരണ നിർമ്മാണത്തിന്റെ പ്രാഥമിക പരിശീലനം, കമ്പികെട്ട് എന്നിവയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

## മെഴുകുതിരി നിർമ്മാണ പരിശീലനം

ചൈതന്യയിൽ മെഴുകുതിരി നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. മെയ് 9-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ പ്രവർത്തിക്കുന്ന മെഴുകുതിരി നിർമ്മാണ യൂണിറ്റിൽ നിന്നാണ് പരിശീലനം ലഭ്യമാക്കുക.

## ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരീശീലനം

കെ.എസ്.എസ്. എസിന്റെ നേതൃത്വത്തിൽ ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. മെയ് 9-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

## കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ

## സി. ബി.ആർ സുവർണ്ണ സംഗമം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭിന്നശേഷിയുള്ളവരെയും അവരുടെ കുടുംബാംഗങ്ങളെയും കോർത്തിണക്കി തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ'സുവർണ്ണ സംഗമം 2015' സംഘടിപ്പിച്ചു. സംഗമത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവ്വഹിച്ചു. കോട്ടയം അതിരൂപത മെത്രാപ്പോലീത്തയും കെ.എസ്.എസ്.എസ് രക്ഷാധികാരിയുമായ മാർ മാത്യു മൂലക്കാട്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. വന-ഗതാഗത-പരിസ്ഥിതി വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജോസ് കെ മാണി എം.പി, സുരേഷ് കുറുപ്പ് എം.എൽ.എ, മോൻസ് ജോസഫ് എം.എൽ.എ, കെ.എസ്.എസ്.എസ് ബോർഡ് മെമ്പർ തോമസ് ചാഴികാടൻ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, എം.ജി. യൂണിവേഴ്സിറ്റി പ്രൊ വൈസ് ചാൻസിലർ ഡോ. ഷീന ഷുക്കൂർ, കോട്ടയം ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വ. ഫിൽസൺ മാത്യൂസ്, കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസ് സീനിയർ സൂപ്രണ്ട് സുരേഷ് കുമാർ പി., കെ.എസ്.എസ്.എസ് അസിസ്റ്റന്റ് സെക്രട്ടറിമാരായ ഫാ. ബിൻസ് ചേത്തലിൽ, ഫാ. ബിബിൻ കണ്ടോത്ത്, കെ.എസ്.എസ്.എസ് വികലാംഗ ഫെഡറേഷൻ സ്വാശ്രയസംഘ പ്രതിനിധി സാജൻ ജോസഫ് എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് ഭിന്നശേഷിയുള്ളവരെ ശുശ്രൂഷിക്കുന്നതിൽ

മാതൃകാപരമായ പ്രവർത്തനം നടപ്പിലാക്കിവരുന്നവർക്ക് ഏർപ്പെടുത്തിയ മാതൃകാ ശുശ്രൂഷക് പുരസ്ക്കാരം ശൗരിയാർ തോമസ് കൊച്ചുതറയ്ക്ക് സമ്മാനിച്ചു. കൂടാതെ കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് രചിച്ച നന്മയുടെ നല്ല പാഠങ്ങൾ എന്ന പുസ്തക പ്രകാശനവും, ചൈതന്യ ജീവകാരുണ്യ ജീവകാരുണ്യ നിധി നിർദ്ധന രോഗി ചികിത്സാ സഹായവിതരണം, ഭിന്നശേഷിയുള്ളവർക്കായുള്ള വിവിധ കർമ്മ പദ്ധതികളുടെ ഉദ്ഘാടനം എന്നിവയും നടത്തപ്പെട്ടു. സുവർണ്ണ സംഗമത്തോടനുബന്ധിച്ച് ഭിന്നശേഷിയുള്ളവരുടെ സമൂഹാധിഷ്ഠിത പുനരധിവാസം എന്ന വിഷയത്തിൽ സ്പെഷ്യൽ ഒളിമ്പിക്സ് കേരള ഏരിയ ഡയറക്ടർ ഫാ. റോയി കണ്ണൻചിറ സെമിനാർ നയിച്ചു. തുടർന്ന് നടത്തപ്പെട്ട സുവർണ്ണ സംഗമ ചിരിമഴയ്ക്ക് ചലച്ചിത്രതാരം ഗിന്നസ് പക്രു നേതൃത്വം നൽകി. ഭിന്ന ശേഷിയുള്ളവരുടെ കുടുംബസംഗമം, കലാപരിപാടികൾ എന്നിവയും സുവർണ്ണ സംഗമത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു.

## കുടുംബശാക്തീകരണ പദ്ധതി വാർഷിക സംഗമം സംഘടിപ്പിച്ചു

കെ.എസ്.എസ്.എസ്. സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ച് നടപ്പിലാക്കുന്ന കുടുംബശാക്തീകരണ പദ്ധതിയിലെ അംഗങ്ങളുടെ വാർഷിക സംഗമം സംഘടിപ്പിച്ചു. കോട്ടയം തെള്ളകം ചൈതന്യപാസ്റ്റ റൽ സെന്ററിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം കോട്ടയം ജില്ലാ കളക്ടർ യു. വി ജോസ് IAS ഉം പത്നി പീസമ്മ ജോസും സംയുക്ത മായി തിരി തെളിച്ച് നിർവ്വഹിച്ചു. കോട്ടയം അതിരൂപത മെത്രാപ്പോ ലീത്തായും കെ.എസ്.എസ്.എസ് രക്ഷാധികാരിയുമായ മാർ മാത്യു മൂല ക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്എസ് പ്രസിഡന്റ് മോൺ. മാത്യു ഇളപ്പാനിക്കൽ, സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അസി സ്റ്റന്റ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, എസ്.എ.എഫ്.പി. ഇൻഡ്യ എഫ്.ഡി.പി പ്രോഗ്രാം കോർഡിനേറ്റർ മരിയ സിന്ധു, മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് മുൻസെക്രട്ടറി ടി.ഡി ജോസഫ്, കെ.എസ്.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർമാരായ സിസ്റ്റർ എൽസിയ എസ്.ജെ.സി, ജിൻസ് എൻ. ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളനത്തോടനു ബന്ധിച്ച് സംസ്ഥാനതലത്തിൽ മികച്ച പഞ്ചായത്ത് സെക്രട്ടറിയായി തെര ഞ്ഞെടുക്കപ്പെട്ട ടി.ഡി ജോസഫിനെ ആദരിച്ചു. കൂടാതെ ചൈതന്യ ജീവ

കാരുണ്യനിധി നിർദ്ധനരോഗീ ചികിത്സാ സഹായവിതരണവും നടത്തപ്പെട്ടു. സംഗമത്തോടനുബന്ധിച്ച് കുടുംബശാക്തീകരണ സെമിനാർ, കലാപരിപാടികൾ, വിവിധ മത്സരങ്ങൾ എന്നിവയും നടത്തപ്പെട്ടു.

## പഞ്ചായത്തീരാജ് ദിനാചരണം സംഘടിപ്പിച്ചു

ദേശീയ പഞ്ചായത്തീരാജ് ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്തീരാജ് ദിനാചരണവും കെ.എസ്.എസ്.എസ് ത്രിതല പഞ്ചായത്ത് പ്രതിനിധികളുടെ സംഗമവും സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം സംസ്ഥാന വനിതാ കമ്മീഷൻ അംഗം ഡോ. പ്രമീളാ ദേവി ജെ. നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് പ്രസിഡന്റ് മോൺ. മാത്യു ഇളപ്പാനിക്കൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, കെ.എസ്.എസ്.എസ് അസിസ്റ്റന്റ് സെക്രട്ടറിമാരായ ഫാ. ബിൻസ് ചേത്തലിൽ, ഫാ. ബിബിൻ കണ്ടോത്ത്, പ്രോഗ്രാം കോർഡിനേറ്റർ സിസ്റ്റർ എൽസിയ എസ്.ജെ.സി എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തോടനുബന്ധിച്ച് സെമിനാറും ത്രിതല പഞ്ചായത്തംഗങ്ങളുടെ പൊതു പ്രവർത്തനമേഖലയിലെ അനുഭവം പങ്കുവയ്ക്കലും നടത്തപ്പെട്ടു. കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ കെ.എസ്.എസ്.എസിന്റെ സ്വാശ്രയസംഘപ്രവർത്തനങ്ങളിൽ പങ്കാളികളായി ത്രിതല പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അൻപത്തിയാറ് ജനപ്രതിനിധികളുടെ സംഗമമായിട്ടാണ് ദിനാചരണം സംഘടിപ്പിച്ചത്.

## ഭൗമദിനാചരണം സംഘടിപ്പിച്ചു

ഏപ്രിൽ 22 അന്താരാഷ്ട്ര ഭൗമദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭൗമദിനാചരണം സംഘടിപ്പിച്ചു. ചാമക്കാല സെന്റ് ജോൺസ് പാരീഷ് ഹാളിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. ചടങ്ങിൽ ചാമക്കാല ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു.

കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ മുഖ്യപ്രഭാഷണം നടത്തി. ദിനാചരണത്തോടനുബന്ധിച്ച് കർഷകർക്കായി സൗജന്യ മണ്ണ് പരിശോധനയും വീട്ടിൽ ഒരു മൺകൂജ വ്യാപന പദ്ധതിയുടെ ഉദ്ഘാടനവും നടത്തപ്പെട്ടു. ദിനാചരണത്തോടനുബന്ധിച്ച് ബാലകർഷക അവാർഡ് ജേതാവ് അനന്തു കൃഷ്ണൻ 'ജീവനുള്ള മണ്ണ് ജീവനുള്ള ഭൂമി' എന്ന വിഷയത്തിൽ സെമിനാർ നയിച്ചു.

## സീനിയർ ക്ലസ്റ്റർ മീറ്റിംഗുകൾ പൂർത്തിയായി

കെ.എസ്.എസ്.എസ് സീനിയർ സ്വാശ്രയ സംഘാംഗങ്ങളുടെ സമഗ്ര ക്ഷേമവും മാനസിക ഉല്ലാസവും ലക്ഷ്യമിട്ട് വിവിധ മേഖലകളിൽ ക്ലസ്റ്റർ മീറ്റിംഗുകൾ സംഘടിപ്പിച്ചു. സീനിയർ ക്ലാസ്റ്റർ മീറ്റിംഗിനോടനുബന്ധിച്ച് വയോജനങ്ങൾക്കായുള്ള ഗവൺമെന്റ് ആനുകൂല്യങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുമുള്ള ക്ലാസ്സും, വ്യായാമ പരിശീലനവും ഫിസിയോതെറാപ്പിയും ക്രമീകരിച്ചിരുന്നു. ഏപ്രിൽ മാസത്തിൽ ഉഴവൂർ, അറുനൂറ്റിമംഗലം, കട്ടച്ചിറ, കുന്നങ്കരി, വെളിയനാട്, നീണ്ടൂർ, ചെറുകര, ചേർപ്പുങ്കൽ, കിടങ്ങൂർ, കടുത്തുരുത്തി എന്നീ ഗ്രാമങ്ങളിൽ മീറ്റിംഗുകൾ സംഘടിപ്പിച്ചു. 351 പേർ പങ്കെടുത്തു.

## വരുമാന സംരംഭകത്വ തുടർ പരിശീലനം സംഘടിപ്പിച്ചു

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 23 ന് ചൈതന്യയിൽ നടത്തിയ ആഭരണം, പാചകം, ഫ്ളവർ അറേഞ്ച്മെന്റ്, സ്ക്രീൻ പ്രിന്റിംഗ് തുടങ്ങിയ പരിശീലനങ്ങളുടെ തുടർ പരിശീലനം സംഘടിപ്പിച്ചു. പരിശീലനത്തിൽ 25 പേർ പങ്കെടുത്തു. പരിശീലനത്തിന് മിനിമോൾ സി. പി, ആൻസി സ്റ്റീഫൻ, റെജിമോൾ ജോൺസൺ, അജ തോമസ് എന്നിവർ നേതൃത്വം നൽകി..

## മെറ്റീരിയൽ ട്രെയിനിംഗ് സംഘടിപ്പിച്ചു:

അന്ധ-ബധിര പുനരധിവാസ പദ്ധതിയുടെ ഭാഗമായി സി.ബി.ആർ സ്റ്റാഫംഗങ്ങൾക്കായി ദ്വിദിന മെറ്റീരിയൽ ട്രെയിനിംഗ് സംഘടിപ്പിച്ചു. കുട്ടികളുടെ പരിശീലനങ്ങൾക്കാവശ്യമായ ഉല്പന്നങ്ങൾ ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടെ സമരിറ്റൻ റിസോഴ്സ് സെന്ററിലാണ് പരിശീലനം സംഘടിപ്പിച്ചത്. 10 പേർ പങ്കെടുത്തു.

## അന്ധ ബധിര പദ്ധതി - രക്ഷകർത്ത്യയോഗം സംഘടിപ്പിച്ചു

അന്ധ ബധിര പുനരധിവാസ പദ്ധതിയുടെ ഭാഗമായി രക്ഷകർത്തൃയോഗം സംഘടിപ്പിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് അദ്ധ്യക്ഷത വഹിച്ചു. ട്രെയിനിംഗ് പ്രോഗ്രാം വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## ആടുവളർത്തൽ പദ്ധതി ഉദ്ഘാടനം ചെയ്തു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ണൂർ, കാസർഗോഡ്, വയനാട്, പാലക്കാട് ജിലല്കളിൽ നടപ്പിലാക്കുന്ന ജനകീയ ആടുവളർത്തൽ പദ്ധതി കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ ഉദ്ഘാടനം ചെയ്തു. പയ്യാവൂർ സെന്റ് ആൻസ് പാരിഷ് ഹാളിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ പയ്യാവൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി സവിതാ ജയപ്രകാശ് അദ്ധ്യക്ഷത വഹിച്ചു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ പദ്ധതി വിശദീകരണം നടത്തി. അലക്സ്നഗർ പള്ളി വികാരി ഫാ. സ്റ്റീഫൻ കൊളക്കാട്ടുകുഴി പയ്യാവൂർ ടൗൺ പള്ളി അസി. വികാരി ഫാ. സജി മെക്കാട്ടുകുന്നേൽ, മാസ്സ് മേഖല കോർഡിനേറ്റർ ബിന്ദു ജോയി എന്നിവർ ആശംസാപ്രസംഗം നടത്തി. ശരാശരി 14 കി.ഗ്രാം തൂക്കമുള്ള മലബാറി ഇനം പെൺ ആടുകളെയാണ് മാസ്സ് സൗജന്യമായി നൽകുന്നത്. പദ്ധതി പ്രകാരം ഈ വർഷം 300 ആടുകളെ വിതരണം ചെയ്യുമെന്ന് ഫാ. സുനിൽ അറിയിച്ചു. ഉദ്ഘാടന സമ്മേളനത്തിനു മുന്നോടിയായി ആടുകൃഷിയും സാമ്പത്തിക പുരോഗതിയും എന്ന വിഷയത്തെ ആസ്പദമാക്കി റോബർട്ട് പുതുമനമുഴിയിൽ ക്ലാസ് എടുത്തു. ലെവി മാത്യു, സുഷ ബെന്നി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## കുടനിർമ്മാണ പദ്ധതി ആരംഭിച്ചു

മാസ്സ് കണ്ണൂർ, കാസർഗോഡ്, വയനാട്, പാലക്കാട്ട് ജില്ലകളിലെ സ്വാശ്രയ സംഘാംഗങ്ങൾക്കു വേണ്ടി കുട നിർമ്മാണ പദ്ധതി ആരംഭിച്ചു. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടന കർമ്മം കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ രാജപുരം ഹോളി ഫാമിലി പാരിഷ് ഹാളിൽ നിർവ്വഹിച്ചു. രാജപുരം ഫൊറോന വികാരി റവ. ഫാ. ഷാജി വടക്കേത്തൊട്ടിൽ, മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം യു.പി, സാമൂഹ്യപ്രവർത്തകരായ ആൻസി ജോസഫ്, ഷൈനി ജോണി എന്നിവർ പ്രസംഗിച്ചു. മാസ്സ് പ്രവർത്തനമേഖലകളിലെ സ്വാശ്രയസംഘാംഗങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 350 വനിതകൾക്ക് കുട നിർമ്മാണ പരിശീലനം നൽകുവാൻ പദ്ധതി ആസൂത്രണം ചെയ്യുന്നതായി മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ അറിയിച്ചു.

## ക്ഷയരോഗദിനാചരണം സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ലോക ക്ഷയരോഗ ദിനാചരണത്തിന്റെ ഭാഗമായി പൊതുസമ്മേളനം, ബോധവൽക്കരണ സെമിനാർ, റാലി, ക്ഷയരോഗദിനപ്രതിജ്ഞ എന്നിവ സംഘടിപ്പിച്ചു. ക്ഷയരോഗദിനത്തോടനുബന്ധിച്ച് കള്ളാർ സെന്റ് തോമസ് പാരിഷ് ഹാളിൽ വെച്ച് നടന്ന പൊതുസമ്മേളനം കള്ളാർ സെന്റ് തോമസ് പള്ളി വികാരി ഫാ. ബാബു പാറത്തോട്ടുങ്കര ഉദ്ഘാടനം ചെയ്തു. കാസർഗോഡ് ജില്ലാ ക്ഷയരോഗ ട്രീറ്റ്മെന്റ് സീനിയർ സൂപ്പർവൈസർ ഷാജി ജോസഫ് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. ആൻസി ഫിലിപ്പ്, മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം യു.പി., മാസ്സ് മേഖല കോർഡിനേറ്റർ ആൻസി ജോസഫ് എന്നിവർ പ്രസംഗിച്ചു. റ്റി. ബി. ദിനാചരണത്തോടനുബന്ധിച്ച് രാജപുരം മേഖലയിൽ നടന്ന ബോധവൽക്കരണ സെമിനാറിൽ ക്ഷയരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ പങ്ക് എന്ന വിഷയത്തെ ആസ്പദമാക്കി പുടംകല്ല് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ജെയ്നമ്മ ലൂക്കോസ് ക്ലാസ് എടുത്തു.

## ഗ്രാമജ്യോതി സൗരോർജ്ജപദ്ധതി ഉദ്ഘാടനം ചെയ്തു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ണൂർ, കാസർഗോഡ്, വയനാട്, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കുന്ന ഗ്രാമജ്യോതി സൗരോർജ്ജ പദ്ധതിയുടെ ഉദ്ഘാടനം മാലക്കല്ല് ലൂർദ്ദ് മാതാ പാരിഷ് ഹാളിൽ കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ ഉദ്ഘാടനം ചെയ്തു. പദ്ധതിയുടെ ഭാഗമായുള്ള സൗരോർജ്ജ റാന്തൽ വിളക്കുകളുടെ വിതരണ ഉദ്ഘാടനവും മാർ പണ്ടാരശ്ശേരിൽ നിർവ്വഹിച്ചു. ചടങ്ങിൽ മാലക്കല്ല് പള്ളി വികാരി ഫാ. റെജി കൊച്ചുപറമ്പിൽ അദ്ധ്യക്ഷനായിരുന്നു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ പദ്ധതി വിശദീകരണം നടത്തി. മാലക്കല്ല് പള്ളി അസി. വികാരി ഫാ. ലിനു മാത്യു മാന്തിയിൽ, അബ്രാഹം യു.പി., ആഷ്ന ജോസ്, ഷേർലി ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. 2000 കുടുംബങ്ങളിൽ സോളാർ യൂണിറ്റുകൾ സ്ഥാപിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. ചടങ്ങിനോടനുബന്ധിച്ച് ലോൺമേള നടത്തി. മേഴ്സി ജോസിൽ നിന്നും സമ്മതപത്രം സ്വീകരിച്ച് ലോൺ തുക നൽകി മാർ ജോസഫ് പണ്ടാരശ്ശേരിൽ ലോൺ മേള ഉദ്ഘാടനം ചെയ്തു. 'പ്രകൃതിയും സൗരോർജ്ജവും' എന്ന വിഷയത്തെ ആസ്പദമാക്കി അജി അഗസ്റ്റിൻ ക്ലാസ് നയിച്ചു. പരിപാടികൾക്ക് മേഖല കോർഡിനേറ്റർ ആൻസി ജോസഫ് നേതൃത്വം നൽകി.

## ഫിസിയോ തെറാപ്പി യൂണിറ്റ് ആരംഭിച്ചു

മാസ്സ്, കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (CHAI) സഹായത്തോടുകൂടി കൊട്ടോടിയിൽ ഫിസിയോ തെറാപ്പി യൂണിറ്റ് ആരംഭിച്ചു. പ്രസ്തുത യൂണിറ്റിന്റെ ഉദ്ഘാടനം കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ നിർവ്വഹിച്ചു. കള്ളാർ ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ അബ്ദുള്ള പി. ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ആമുഖ പ്രഭാഷണം നടത്തി. ആഷ്ന ജോസ്, ലാലി സണ്ണി എന്നിവർ പ്രസംഗിച്ചു. ഭിന്നശേഷിയുള്ളവർ, പ്രായമായ വൃദ്ധജനങ്ങൾ എന്നിവർക്കായി തിങ്കൾ മുതൽ ശനിവരെ ഫിസിയോ തെറാപ്പി യൂണിറ്റ് തുറന്നു പ്രവർത്തിക്കുന്നു.

## കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി ആരംഭിച്ചു

മാസ്സ്, Abils foundation ന്റെ സഹായത്തോടുകൂടി കൊട്ടോടിയിൽ കമ്പ്യൂട്ടർ സെന്റർ ആരംഭിച്ചു. പ്രസ്തുത സെന്ററിന്റെ ഉദ്ഘാടനം കോട്ടയം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ നിർവ്വഹിച്ചു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. വാർഡ് മെമ്പർ അബ്ദില്ല പി., ആഷ്ന ജോസ്, ലാലി സണ്ണി എന്നിവർ ആശംസാപ്രസംഗം നടത്തി.

## ഏകദിന സെമിനാർ

മാസ്സ് കതിരൂർ ഗ്രാമപഞ്ചായത്തിൽ സഹായ സംഘടനയായി നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ ഭാഗമായുള്ള ഓപ്പറേഷണൽ ആന്റ് മാനേജ്മെന്റ് ട്രെയിനിംഗ് കതിരൂർ പഞ്ചായത്ത് ഹാളിൽ നടന്നു. പ്രസ്തുത സെമിനാർ കതിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പവിത്രൻ കെ. വി. ഉദ്ഘാടനം ചെയ്തു. ജലനിധി റിജണൽ മോണിറ്ററിംഗ് ഓഫീസർ ജോർജ് മാത്യു സെമിനാർ നയിച്ചു. മാസ്സ് ജലനിധി ടീം അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നൽകി.

## ഭിന്നശേഷിയുള്ള കുട്ടികൾക്ക് സഹായം നൽകി

മാസ്സ് ലിനൻ ഫണ്ടിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പുനരധിവാസ പദ്ധതികളുടെ ഭാഗമായി മലബാർ മേഖലയിലുള്ള ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന 118 കുട്ടികൾക്ക് ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും ധനസഹായം നൽകി.

## ക്ഷയരോഗ നിർമ്മാർജ്ജന പദ്ധതി

മാസ്സ് ജില്ലാ ഭരണകൂടം, കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവയുടെ സഹായത്തോടെ കണ്ണൂർ, കാസർഗോഡ് മേഖലകളിൽ വിപുലമായ ക്ഷയരോഗ നിർമ്മാർജ്ജന ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കപ്പെട്ടു. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, തയ്യൽ തൊഴിലാളികൾ, ഹെൽത്ത് വർക്കേഴ്സ്, തൊഴിലുറപ്പ് തൊഴിലാളികൾ, കർഷകസംഘാംഗങ്ങൾ തുടങ്ങിയ ഫോക്കസ് ഗ്രൂപ്പുകൾക്കാണ് ക്ലാസുകൾ നൽകിയത്. കൂടാതെ വീടുകൾ കയറി അടിസ്ഥാന വിവരശേഖരണം, കൗൺസലിംഗ് എന്നിവ നടത്തുന്നു. രോഗല

ക്ഷണമുള്ളവർക്ക് സൗജന്യ പരിശോധനയും തുടർന്ന് ചികിത്സയും നൽകുന്നു.

## കുടനിർമ്മാണ പരിശീലനം പൂർത്തിയായി

ചെറുകിട സംരംഭകത്വ പരിപാടികൾ പ്രോത്സാഹിപ്പിക്കുക, സ്വയം തൊഴിലിലൂടെ സാമ്പത്തിക പുരോഗതി നേടി എടുക്കുക തുടങ്ങിയ ലക്ഷ്യ ങ്ങളോടുകൂടി മാസ്സ് മലബാറിലെ എല്ലാ യൂണിറ്റുകളിലും കുടനിർമ്മാണ പരിശീലനം സൗജന്യമായി സംഘടിപ്പിച്ചു. ഓരോ യൂണിറ്റുകളിൽ നിന്നും 10 വനിതകൾക്കാണ് പരിശീലനം നൽകിയത്. പരിശീലനാനന്തരം കുട നിർമ്മാണത്തിനുള്ള സാമഗ്രികൾ യൂണിറ്റുകളിൽ ലഭ്യമാക്കി.

## മഴവെള്ള സംഭരണി നിർമ്മാണ പദ്ധതി ഉദ്ഘാടനം ചെയ്തു

ഭീമനടി : കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി യുടെ ഭാഗമായ മഴ കേന്ദ്രത്തിന്റെ സഹായത്തോടുകൂടി വെസ്റ്റ് ഏളേരി ഗ്രാമപഞ്ചായത്തിൽ മഴവെള്ള സംഭരണി നിർമ്മാണ പദ്ധതി ഉദ്ഘാ ടനം ചെയ്തു. ഭീമനടി വ്യാപാരഭവനിൽ കൂടിയ പൊതുസമ്മേളനത്തിൽ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് ഉപാദ്ധ്യക്ഷ എം. ജാനു പ്രസ്തുത പദ്ധതി ഉദ്ഘാടനം ചെയ്തു. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ജോയി ജോസഫ് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. ഗുണ ഭോക്തൃ വിഹിത സമാഹരണ ഉദ്ഘാടനം ജലനിധി റീജണൽ പ്രോജക്ട് ഡയറക്ടർ ചന്ദ്രൻ വി. നിർവ്വഹിച്ചു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ അനുഗ്രഹപ്രഭാഷണം നടത്തി. മഴ കേന്ദ്രം മാനേജർ പി. കെ. ജോണി പദ്ധതി വിശദീകരണം നടത്തി.

പൊതുസമ്മേളനത്തിനുശേഷം നടന്ന സെമിനാറിൽ 'മഴവെള്ള സംഭരണവും ഭൂജലപരിപോഷണവും' എന്ന വിഷയത്തെ ആസ്പദമാക്കി ലില്ലിക്കുട്ടി വി. എസ്. ക്ലാസ് എടുത്തു. മാസ്സാണ് പദ്ധതിയുടെ നിർവ്വ ഹണ ഏജൻസി. പദ്ധതി പ്രകാരം 10000 ലിറ്റർ സംഭരണ ശേഷിയുള്ള 200 മഴവെള്ള സംഭരണികൾ വെസ്റ്റ് ഏളേരി ഗ്രാമപഞ്ചായത്തിൽ പുതി യതായി നിർമ്മിക്കുമെന്ന് സൊസൈറ്റി ഡയറക്ടർ ഫാ. സുനിൽ പെരു മാനൂർ പറഞ്ഞു.

**ഫാ. സുനിൽ പെരുമാനൂർ**
(സെക്രട്ടറി, മാസ്സ്)

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ഏപ്രിൽ 2015**

7 പേരൂർ ഇടവകാംഗം പരേതയായ വെള്ളാപ്പിള്ളിൽ ജിജിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് പള്ളിയിൽ കാർമ്മികത്വം വഹിച്ചു.

9 തൂവാനീസയിൽ പ്ലസ്ടു കുട്ടികൾക്കായി നടന്ന എഫാത്ത പ്രോഗ്രാമിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

10 വിസിറ്റേഷൻ സന്ന്യാസിനി സമൂഹത്തിന്റെ ജനറൽ സിനാക്സിസിൽ പങ്കെടുത്തു.

11 ചൈതന്യയിൽ നടന്ന സേവ് എ ഫാമിലി പ്രോഗ്രാമിൽ പങ്കെടുത്തു.

14 ചൈതന്യയിൽ നടന്ന ആൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പിൽ വി. ബലിയർപ്പിച്ചു

\- കെ.സി.വൈ.എൽ. അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ ചൈതന്യയിൽ സംഘടിപ്പിച്ച കരിയർ ഗൈഡൻസിൽ പങ്കെടുത്ത് സന്ദേശം നൽകി.

\- കൂടല്ലൂരിൽ പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടം വെഞ്ചരിച്ചു.

15 സമർപ്പിത വർഷാചരണത്തോടനുബന്ധിച്ച് പടമുഖത്ത് കൂടിയ പടമുഖം ഫൊറോന സമർപ്പിത സംഗമത്തിൽ വി. ബലിയർപ്പിച്ചു.

\- തടിയമ്പാട് പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ തറക്കല്ലിട്ടു.

16 തൂവാനിസയിൽ പ്ലസ്ടു കുട്ടികൾക്കായി നടന്ന എഫാത്ത പ്രോഗ്രാമിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

\- കാക്കനാട്ട് കൂടിയ മൈഗ്രന്റ് കമ്മീഷൻ മീറ്റിംങ്ങിൽ സംബന്ധിച്ചു.

17 ചൈതന്യയിൽ നടന്ന പെൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

\- പാലത്തുരുത്ത് ഇടവകാംഗം പരേതനായ ബ്ര. പാട്രിക്കിനു വേണ്ടി പാലത്തുരുത്ത് പള്ളിയിൽ വി. ബലിയർപ്പിച്ചു.

18 വാരപ്പെട്ടി ഇടവകയിൽ വി. ബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച പാരീഷ് ഹാൾ വെഞ്ചരിക്കുകയും ചെയ്തു.

18,19 ചേർപ്പുങ്കൽ ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

19 കത്തീഡ്രൽ ഇടവകയിൽ നടത്തിയ സമർപ്പിത സംഗമത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

21 സമർപ്പിത വർഷാചരണത്തോടനുബന്ധിച്ച് പെരിക്കല്ലൂർ കൂടിയ പെരിക്കല്ലൂർ ഫൊറോന സമർപ്പിത സംഗമത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

22-24 ബാംഗ്ലൂരിൽ സി.ബി.സി.ഐ. സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പങ്കെടുത്തു.

25 ചുള്ളിയോട് ഇടവകാംഗം പരേതയായ കൊച്ചുപറമ്പിൽ അന്നമ്മയുടെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് പള്ളിയിൽ കാർമ്മികത്വം വഹിച്ചു.

26 തൂവാനീസയിൽ പ്ലസ്ടു കുട്ടികൾക്കായി നടന്ന എഫാത്ത പ്രോഗ്രാമിൽ സംബന്ധിച്ച് സന്ദേശം നൽകി.

- സമർപ്പിത വർഷാചരണത്തോടനുബന്ധിച്ച് ഉഴവൂരിൽ കൂടിയ ഉഴവൂർ ഫൊറോന സമർപ്പിത സംഗമത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

27,28 പീരുമേട് മരിയഗിരിയിൽ നടന്ന മേജർ സെമിനാരിക്കാരുടെ ക്യാമ്പിൽ സംബന്ധിച്ചു.

29 തടിയമ്പാട് എം.എസ്.പി. സെമിനാരിക്കാരുടെ ക്യാമ്പിൽ സംബന്ധിച്ചു.

30 വാഴൂർ അനുഗ്രഹായിൽ ഇൻഡ്യൻ തിയോളജിക്കൽ അസോസിയേഷൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

- ഉഴവൂർ നടന്ന കൂടാരയോഗ വാർഷികത്തിൽ സംബന്ധിച്ചു.

**മെയ് 2015**

1 നീറിക്കാട് പള്ളിയിൽ പുതുക്കി പണിത മദ്ബഹാ കൂദാശ ചെയ്തു.

- എസ്.എച്ച്. മൗണ്ടിൽ സെന്റ് ജോസഫ് കോൺഗ്രിഗേഷന്റെ സഭാ വസ്ത്രം, വ്രതനവീകരണ കർമ്മത്തിൽ കാർമ്മികത്വം വഹിച്ചു.

2 കൈപ്പുഴയിൽ സമർപ്പിത വർഷാചരണത്തോടനുബന്ധിച്ച് നടന്ന കൈപ്പുഴ ഫൊറോന സമർപ്പിത സംഗമത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

3 വാരപ്പെട്ടി ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

- മോനിപ്പിള്ളിയിൽ പുതുതായി നിർമ്മിച്ച ഷോപ്പിംങ് കോംപ്ലക്സ് വെഞ്ചരിച്ചു.

4 കൈപ്പുഴ സെന്റ് ജോസഫ് അസൈലത്തിന്റെ നവതി സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.

5 കാരിത്താസിൽ നടന്ന കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങളുടെ സഭാവസ്ത്ര, വ്രതവാഗ്ദാന കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

6 ദേവലോകത്ത് കൂടിയ നിലക്കൽ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

- നീറിക്കാട് തിരുഹൃദയദാസ സമൂഹത്തിന്റെ പുതിയ ഭവനത്തിന്റെ വെഞ്ചരിപ്പു നടത്തി.

# ENGAGEMENTS

## Mar Mathew Moolakkatt

May 2015

7 Camp for +2 students at Thuvanisa.

9 KCBC consecrated year celebration at Chaithanya.

10 Pastoral visit at Vadakkummury.

11 Farmers meet at Chaithanya.

- Inauguration and Blessing of St. Stephen's Sunday School building and shopping complex at Kurumulloor.

12 Holy Qurbana and First Holy Communion at Kumarakom.

13 Holy Qurbana and First Holy Communion at Piravam.

13 First and Final Profession of SVM Sisters at S.H. Mount.

14 To USA

**June 2015**

4 Returning from USA.

6 Religious gathering at S.H. Mount.

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ഏപ്രിൽ 2015**

9 കോഴിച്ചാൽ പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും സമർപ്പിതസംഗമം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

10 യു.ജി.സി. ധനസഹായത്തോടെ രാജപുരം കോളേജിൽ സ്ഥാപിച്ച സോളാർ പദ്ധതി ഉദ്ഘാടനം ചെയ്തു.

\- കള്ളാർ പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും ഇടവക ദിനാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും ചെയ്തു.

15 ഏറ്റുമാനൂർ പള്ളിയിൽ വി. കുർബാന അർപ്പിച്ച് ജോസഫ് നാമധാരികളുടെ സംഗമത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

\- കുറുമുള്ളൂർ പള്ളിയിലെ ഇടവകദിനാഘോഷം ഉദ്ഘാടനം ചെയ്തു.

16 ബറുമറിയത്തിൽ വച്ചു നടത്തിയ മലബാറിലെ പെൺകുട്ടികളുടെ ദൈവവിളി ക്യാമ്പിൽ സംബന്ധിച്ച് സംസാരിച്ചു.

18 മലബാറിലെ ആൺകുട്ടികളുടെ ദൈവവിളി ക്യാമ്പിൽ സംബന്ധിച്ച് സംസാരിച്ച് കുട്ടികളെ ഇന്റർവ്യൂ നടത്തി.

\- പുനർനവീകരിച്ച് പണിത ചമതച്ചാൽ മഠം ചാപ്പലിന്റെയും മഠത്തിന്റെയും വെഞ്ചരിപ്പു കർമ്മം നടത്തി.

20 എറണാകുളം, ഇൻഫന്റ് ജീസസ് കരിമുകൾ പള്ളിയിൽ വച്ച് ഡീക്കൻ ജോബി ഏലന്താനത്തിന് പുരോഹിത പട്ടം നല്കി.

21 പെരിക്കല്ലൂർ ഫൊറോനാ സമർപ്പിതസംഗമത്തിൽ പങ്കെടുത്തു.

23 ചിറ്റാരിക്കാലിൽ വച്ച് നടത്തിയ കാസർഗോഡ് സോൺ കരിസ്മാറ്റിക് ഗ്രൂപ്പിന്റെ കൺവൻഷനിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

– തലശ്ശേരിയിലെ അഭി. പിതാക്കന്മാരുടെ നാമഹേതുകതിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

25 കെ.സി.ബി.സി. യുടെ ആഭിമുഖ്യത്തിൽ തളിപ്പറമ്പിൽ വച്ച് നടത്തിയ റീജിയണൽതല സമർപ്പിത സംഗമത്തിൽ പങ്കെടുത്തു.

26–28 പീരുമേട് മരിയഗിരി സ്കൂളിൽ വച്ചു നടത്തിയ അതിരൂപതാ മേജർ സെമിനാരി ക്യാമ്പിൽ പങ്കെടുക്കുകയും, കാറോയ, ഹെവ്പ്പദ്യാക്കോന, മ്ശംശാന പട്ടം കൊടുക്കൽ കർമ്മങ്ങളിൽ സഹകാർമ്മികത്വം വഹിക്കുകയും ചെയ്തു.

28 എറണാകുളം–അങ്കമാലി മെത്രാസന മന്ദിരത്തിൽ കൂടിയ എസ്.എം.വൈ.എം. കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

30 കാരിത്താസ് ആശുപത്രിയിൽ പുതുതായി തുടങ്ങുന്ന ബോൺമാരോ പ്ലാന്റിന്റെ ഐ.സി.യു. ബ്ലോക്ക് വെഞ്ചരിച്ചു.

**മെയ് 2015**

1 എസ്.എച്ച്. മൗണ്ടിൽ സെന്റ് ജോസഫ് സിസ്റ്റേഴ്സിന്റെ സഭാവസ്ത്രം, വ്രതനവീകരണ കർമ്മങ്ങളിൽ വചനസന്ദേശം നല്കി.

2 ബി.സി.എം. കോളജിലെ സ്റ്റാഫ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു

4 ചൈതന്യയിൽ കൂടിയ കെ.സി.വൈ.എൽ. ഇടയ്ക്കാട്ട് ഫൊറോനാ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

– കൈപ്പുഴ സെന്റ് തോമസ് അസൈലത്തിന്റെ നവതി ആഘോഷം ഉദ്ഘാടനം ചെയ്തു.

# Engagements

## Mar Joseph Pandarasseril

May 2015

| | |
|---|---|
| 5 | Inauguration of Malabar Region Knanaya Stars at Barmariam, Kannur. |
| 5,6 | Chengalery Forane Religious meet at Chengalery. |
| 7 | Madampam Forane Religious meet at Payyavoor. |
| 9 | Holy Mass and Edavakadinom at Perikkalloor. |
| 10 | Holy Communion at Karetumchal. |
| 13 | Vestition and profession of SVM Sisters at S.H. Mount. |
| 14. | Priestly Silver Jubilee of Fr. Jomon Thattamattathil at Karimkunnam. |
| - | Staff meeting at St. Stephen's College Uzhavoor. |
| 20 | Profession of OSB members at Pazhuthuruth. |
| 21 | Holy Mass and 12 hours adoration at Kaduthuruthy. |

# വചനദർശനം

## ഉയിർപ്പ് 7–ാം ഞായർ

**മെയ് 17** **MK 16:14-20**

ഈശോ തന്റെ ശിഷ്യരെയെല്ലാം അടുത്തുവിളിച്ച് അവർക്കു സാർവ്വത്രിക പ്രേഷിത ദൗത്യം ഭരമേൽപ്പിക്കുന്ന വചനഭാഗമാണ് സഭാ മാതാവ് വിചിന്തനത്തിനായി നല്കിയിരിക്കുന്നത്. ഈശോ തന്റെ ശിഷ്യന്മാരെ അനുഗ്രഹിച്ചയയ്ക്കുകയാണ്. ഈശോയുടെ ദൗത്യം മനുഷ്യനെ ശുശ്രൂഷിക്കുകയും, ദൈവത്തിന്റെ അളവില്ലാത്ത സ്നേഹത്തിന് ജീവിതത്തിലൂടെയും പ്രവർത്തനത്തിലൂടെയും സാക്ഷ്യം വഹിക്കുകയുമായിരുന്നു.

(LK. 4:18-91). ഇതേ ആഹ്വാനം തന്നെയാണ് ഈശോ നല്കുക. “നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക” (MK. 16:15) മാമ്മോദീസ സ്വീകരണത്തിലൂടെ ഈ ദൗത്യം പിന്തുടരുവാനായി നാമും മുദ്രിതരാക്കപ്പെടുന്നു.

യേശുവിന്റെ വചനം പ്രസംഗിക്കുക എന്നാൽ വചനത്തിൽ ജീവിക്കുക എന്നർത്ഥം. ഈ വചനാധിഷ്ഠിത ജീവിതം എപ്രകാരം നയിക്കണമെന്ന് എഫേസോസുകാർക്കുള്ള ലേഖനത്തിൽ പൗലോസ് ശ്ലീഹ (2:1-13) വ്യക്തമാക്കുന്നു. (1) നാം ഒരേ മനസ്സും ഒരേ സ്നേഹവും ഉള്ളവരായിരിക്കുക (2) ഒരേ ആത്മാവോടും, ഒരേ ചിന്തയോടുംകൂടി പ്രവർത്തിക്കുക. (3) വിനയത്തോടെ മറ്റുള്ളവരെ തന്നെക്കാൾ വലിയവരായി കരുതുക (4) അപരന്റെ താല്പര്യം കൂടി പരിഗണിക്കുക. ഇവ സ്വീകരിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവനുമാത്രമെ വചനം പ്രസംഗിക്കുവാനും മറ്റുള്ളവരെ തിരുത്തുവാനും അവകാശമുള്ളൂ. ആദിമസഭാ ക്രൈസ്തവർ ഇപ്രകാരം വചനം ജീവിതത്തിൽ പകർത്തിയവരായിരുന്നു. (MS 2:44, 4:32-33).

വചനപ്രഘോഷണം സാദ്ധ്യമാകണമെങ്കിൽ നാം ജീവിതയാഥാർത്ഥ്യത്തിലേക്ക് കടന്നുവരണം. അവിടെ വചനവിത്തു വിതയ്ക്കണം. നമ്മുടെ ഹൃദയത്തിലും, ജീവിതത്തിലും ഫലം പുറപ്പെടുവിക്കുവാൻ നാം ശ്രമിക്കുന്നില്ലെങ്കിൽ തീർച്ചയായും അന്യന്റെ ഹൃദയത്തിൽ വിത്തുവിതയ്ക്കാൻ നമുക്കാകില്ല. അതിനാൽ ജീവിതത്തിലും പ്രവർത്തനങ്ങളിലും വചനത്തെ വളർത്തുന്ന, പരിപോഷിപ്പിക്കുന്ന യഥാർത്ഥ ക്രൈസ്തവ പ്രേഷിത ദൗത്യവാഹകരായി നമുക്ക് മാറാം.

## ശ്ലീഹാ 1–ാം ഞായർ : പന്തക്കുസ്താത്തിരുനാൾ

**മെയ് 24**

ശ്ലീഹാക്കാലത്തിന്റെ ഒന്നാം ഞായറാഴ്ചയായ ഇന്ന് നാം സഭയിൽ പന്തക്കുസ്താതിരുനാൾ ആഘോഷിക്കുകയാണ്. പന്തക്കുസ്താ എന്ന പദത്തിന്റെ അർത്ഥം ‘അമ്പത്’ എന്നാണ്- അമ്പതാം ദിവസത്തെ തിരുനാൾ. വിളവെടുപ്പിനോടനുബന്ധിച്ചുള്ള ആദ്യഫല സമർപ്പണത്തിന്റെ തിരുനാളായിരുന്നു ഇത്. പിന്നീട് ഇസ്രായേൽ ജനം ദൈവത്തിന്റെ ഉടമ്പടി പ്രകാരമുള്ള ദൈവജനമായി തീർന്നതിന്റെ ഓർമ്മയാചരണമായി

രൂപാന്തരപ്പെട്ടു. പുതിയ നിയമത്തിൽ ഈ തിരുനാളിനു 'പുതിയ' അർത്ഥം കൈവന്നു. ഉയിർപ്പിനുശേഷം 50-ാം ദിനമാണല്ലോ പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ എഴുന്നള്ളിയത്. അന്നാണ് സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്. പിതാവായ ദൈവം, ദൈവസ്നേഹം വ്യക്തിത്വം ധരിച്ച പരി. ആത്മാവിൽ പുതിയ ഉടമ്പടിക്കു മുദ്രവച്ചു. അത് മനുഷ്യഹൃദയങ്ങളിൽ ആലേഖനം ചെയ്തു.

ഇന്നത്തെ വായനകൾ പന്തക്കുസ്താ അനുഭവത്തിലേക്ക് കടന്നുവരാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. അതിനുതകുന്ന രണ്ട് മാർഗ്ഗങ്ങൾ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട്.

**1. ദൈവവും മനുഷ്യനും തമ്മിലുള്ള ഐക്യം**

പന്തക്കുസ്താതിരുനാൾ ഐക്യത്തിന്റെയും കെട്ടുറപ്പിന്റെയും ഒരുമയുടെയും തിരുനാളാണ്. ദൈവം മനുഷ്യജീവിതത്തിലേക്ക് ഇറങ്ങി വരുന്നു. മനുഷ്യനുമായി ഐക്യത്തിന്റെ ഉടമ്പടിയിൽ പങ്കുവയ്ക്കുന്നു. അതോടൊപ്പം മനുഷ്യൻ അവിടുത്തെ ദൈവത്വം ഏറ്റുപറയുന്നു. ഇതാണ് യഥാർത്ഥ പന്തക്കുസ്താ അനുഭവം, പുതിയ ജീവിതത്തിന്റെ തുടക്കം. പഴയനിയമത്തിൽ ബാബേൽഗോപുര നിർമ്മിതിയുടെ ബലത്തിൽ ദൈവത്തെ കീഴടക്കാൻ ആഗ്രഹിച്ച മനുഷ്യർ ലോകത്തിൽ ചിതറിക്കപ്പെടുകയാണ്. എന്നാൽ പുതിയ നിയമത്തിൽ ദൈവവുമായി ഐക്യത്തിലും രമ്യതയിലും ആകാൻ ആഗ്രഹിച്ചവരുടെ ഇടയിലേക്ക് ദൈവം തന്റെ ആത്മാവിനെ വർഷിച്ച് അവരുടെ പ്രയത്നം ഫലസമൃദ്ധമാക്കുന്നു. അതിനാൽ ദൈവത്തോടുള്ള ഐക്യത്തിന്റെ പ്രതിഫലനം നാം കണ്ടെത്തുന്നത് നമ്മുടെ പ്രവർത്തനങ്ങളിലൂടെതന്നെയാണ്. അതായത് നമ്മുടെ പ്രവർത്തനം തന്നെയാണ് ദൈവത്തോടുള്ള കൂട്ടായ്മയുടെ ലക്ഷണം.

**2. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ഐക്യം**

മനുഷ്യബന്ധത്തിന്റെ പൂർണ്ണതയാണ് ദൈവൈക്യത്തിന്റെ അടിസ്ഥാനം. മനുഷ്യർ തമ്മിലുള്ള ബന്ധത്തിനും, സ്നേഹത്തിനും പാളിച്ചകൾ ഉണ്ടെങ്കിൽ ദൈവ മനുഷ്യ ബന്ധത്തിലും അത് പ്രതിഫലിക്കും. നമ്മുടെ ജീവിതത്തിന്റെ മഹത്വം അടങ്ങിയിരിക്കുക മറ്റുള്ളവരോടുള്ള നമ്മുടെ മനോഭാവത്തിലും ദൈവത്തോടുള്ള ബന്ധത്തിലുമാണ്. ഇത് ലഭ്യമാക്കണമെങ്കിൽ പരി. ആത്മാവ് നമ്മിലേക്ക് ഇറങ്ങി വരണം. അരൂപിയാൽ നിറയണം. ശ്ലീഹന്മാർ അരൂപിയാൽ നിറഞ്ഞപ്പോഴാണ് ഐക്യത്തിന്റെ

ജീവിതം നയിക്കുവാൻ ഒരുമയുടേയും, സ്നേഹത്തിന്റെയും പാതയിൽ വളരുവാൻ ശക്തി പ്രാപിച്ചത്. ആ പരിശുദ്ധാത്മാവാണ് ദൈവോന്മുഖ മായി ജീവിക്കുവാൻ അവരെ പ്രാപ്തരാക്കിയത്. നമ്മിലേക്ക് കടന്നുചെന്ന് നമ്മെതന്നെ വിലയിരുത്തുവാൻ നമുക്ക് പരിശ്രമിക്കാം.

## ശ്ലീഹാ രണ്ടാം ഞായർ പരി. ത്രിത്വത്തിന്റെ തിരുനാൾ

**മെയ് 31**

ക്രൈസ്തവ ജീവിതത്തിന്റെ അടിത്തറ പരിശുദ്ധത്രിത്വമാണ്. "ഏക ദൈവം, ദൈവത്തിൽ മൂന്നാളുകൾ' എന്നുള്ള ദൈവീക രഹസ്യം നമ്മുടെ വിശ്വാസജീവിതത്തിന്റെ കേന്ദ്രമാണ്. സഭ ഔദ്യോഗികമായി പഠിപ്പിക്കു കയും പ്രഘോഷിക്കുകയും ചെയ്യുന്ന വിശ്വാസത്തിന്റെ കാതലാണ് ത്രിത്വരഹസ്യം. പരി. ത്രിത്വം ഇന്നും വലിയ രഹസ്യമായിട്ടാണ് നില കൊള്ളുന്നത്. എത്ര മനസ്സിലാക്കാൻ ശ്രമിച്ചാലും അതിനപ്പുറത്ത് നിൽക്കുന്ന യാഥാർത്ഥ്യമാണത്. ത്രിത്വൈകദൈവം അനന്തമായ സ്നേഹ ത്തിന്റെ കൂട്ടായ്മയാണ്. വൈവിധ്യത്തിലെ ഈ ഏകത്വമാണ് പരി. ത്രിത്വ ത്തിന്റെ മുഖമുദ്രയായി നിലകൊള്ളുന്നതും. ഈ കൂട്ടായ്മയിലേക്കാണ് നാമും ദൈവത്താൽ ക്ഷണിക്കപ്പെട്ടിരിക്കുന്നത്. ഈ ദൈവിക കൂട്ടായ്മ യിലായിരിക്കുക എന്നത് നിത്യമായ ആനന്ദാനുഭവമാണ്. മനുഷ്യജീവി തത്തിന്റെ പരമലക്ഷ്യം അതാണ്.

പരി. ത്രീത്വത്തെ മനസ്സിലാക്കാനുള്ള ഒരു പ്രതീകമായി പല ദൈവ ശാസ്ത്ര ചിന്തകരും ചൂണ്ടികാണിക്കുന്നത് വൃക്ഷത്തെയാണ്. വൃക്ഷ ത്തിന്റെ വേരിനെ പിതാവായും, പുറമെ കാണുന്ന തണ്ടിനെയും ഇലക ളെയും പുത്രനായും, അതിലെ ജീവരസത്തെ പരി. ആത്മാവുമായാണ് വിവക്ഷിക്കുന്നത്. ഇപ്രകാരം വിഭജിതമാകാതെ ഒരു വൃക്ഷംപോലെ തുട രുന്ന ഒന്നാണ് പരി. ത്രിത്വം എന്നു വേണമെങ്കിൽ നമുക്ക് സങ്കല്പിക്കാം.

പഴയനിയമത്തിൽ പുറപ്പാട് 1:2 ൽ നമുക്ക് കാണാൻ സാധിക്കും പിതാ വായ ദൈവവും, വചനമായ പുത്രനും, പരി. ആത്മാവും ചേർന്നപ്പോഴാണ് സൃഷ്ടികർമ്മം സംഭവിച്ചത്. പുറപ്പാട് 18 ൽ മാമ്രേയുടെ ഓക്കുമരചുവ ട്ടിൽ അബ്രാഹത്തെ കാണാൻ വന്ന മൂന്നുപേർ പരി. ത്രിത്വത്തിന്റെ സൂച നയാണ് നമുക്ക് നല്കുക. പുതിയ നിയമത്തിൽ മംഗളവാർത്തയിലും, ഈശോയുടെ ജ്ഞാനസ്നാനവേളയിലും, രൂപാന്തരീകരണ മലയിലും, കുരിശിലും പരി. ത്രിത്വം വെളിപ്പെടുന്നതായി നമുക്ക് സാധിക്കും.

പരി. ത്രിത്വം നമുക്കുമുന്നിൽ ഉയർത്തുന്ന വെല്ലുവിളി ത്രിത്വത്തിന്റെ കൂട്ടായ്മയാണ്. ഓരോ കുടുംബത്തിന്റെയും, സമൂഹജീവിതത്തിന്റെയും സനാതന മാതൃകയായി നിലകൊള്ളേണ്ടത് പരി. ത്രിത്വമാണ്. കൂടിയാലോചനകളില്ലാത്തിടത്ത് ഭിന്നത വർദ്ധിക്കുന്നു. നാം ആയിരിക്കുന്ന ഇടങ്ങളിൽ പരി. ത്രിത്വത്തിന്റെ സന്ദേശം പ്രചരിപ്പിച്ച് കൂട്ടായ്മയിലും, ഐക്യത്തിലും ആയിരിക്കാൻ ഈ തിരുനാൾ നമ്മെ ക്ഷണിക്കുന്നു.

**ഫാ. സന്തോഷ് മുല്ലമംഗലത്ത്**

# വാർത്തകൾ

## ദിവ്യകാരുണ്യ കോൺഗ്രസ് ഫിലിപ്പിൻസിൽ

വത്തിക്കാൻ സിറ്റി: 51-ാമത് അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസ് 2016 ജനുവരി 24 മതുൽ 31 വരെ ഫിലിപ്പീൻസിലെ ചേബുസിറ്റിയിൽ നടക്കും. നാലു വർഷത്തിലൊരിക്കലാണ് ലോകമെങ്ങും നിന്ന് പതിനായിരങ്ങൾ പങ്കെടുക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കപ്പെടുന്നത്. “മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു” എന്ന വി. പൗലോസിന്റെ വാക്കുകൾ ആപ്തവാക്യമായി സ്വീകരിച്ചിരിക്കുന്ന 51-ാമത് ദിവ്യകാരുണ്യ കോൺഗ്രസിന്റെ ഒരുക്കങ്ങൾക്കായി ആരാധനക്രമ പണ്ഡിതനും ഇറ്റലിയിലെ മർത്തിരാനോ രൂപതാധ്യക്ഷനുമായ ആർച്ച്ബിഷപ്പ് പിയെറോ മരീനിയെ മാർപാപ്പ നിയമിച്ചു. 2012-ലെ ദിവ്യകാരുണ്യ കോൺഗ്രസ് അയർലണ്ടിലെ ഡബ്ളിനിൽ വച്ചാണ് നടന്നത്. 1964-ൽ 38-ാം ദിവ്യകാരുണ്യ കോൺഗ്രസിന് വേദിയായത് മുംബൈ നഗരമാണ്. അന്നത്തെ മാർപാപ്പ പോൾ ആറാമൻ ആ ചരിത്രമുഹൂർത്തത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി ഇന്ത്യയിലെത്തിയിരുന്നു.

## ഫ്രാൻസിസ് മാർപാപ്പയുടെ പുതിയ ചാക്രിക ലേഖനം പരിസ്ഥിതിയെ സംബന്ധിച്ച്

വത്തിക്കാൻ സിറ്റി: ഫ്രാൻസിസ് പാപ്പാ പുതിയ ഒരു ചാക്രികലേഖനത്തിന്റെ പണിപുരയിലെന്ന് വത്തിക്കാൻ ഔദ്യോഗിക വക്താവ് ഫാ. ഫെഡറിക്കോ ലൊമ്പാർദി അറിയിച്ചു. പരിസ്ഥിതിയെ സംബന്ധിച്ചുള്ള പുതിയ ചാക്രികലേഖനത്തിന്റെ രചനയിൽ മാർപാപ്പയെ സഹായിക്കുന്നത് കാർഡിനൽ പീറ്റർ ടാർക്സൻ അദ്ധ്യക്ഷനായുള്ള നീതിക്കും

സമാധാനത്തിനും വേണ്ടിയുള്ള വത്തിക്കാൻ കാര്യാലയമാണ്. ഫ്രാൻസിസ് മാർപാപ്പയുടെ ആദ്യ ചാക്രികലേഖനം 2013 ജൂൺ 29 നു പ്രസിദ്ധീകരിക്കപ്പെട്ട 'വിശ്വാസത്തിന്റെ പ്രകാശ'മായിരുന്നു. ബനഡിക്ട് പതിനാറാമൻ മാർപാപ്പ ഇതിന്റെ രചന ഭാഗികമായി പൂർത്തിയാക്കിയിരുന്നുവെന്ന് റിപ്പോർട്ടു ചെയ്യപ്പെട്ടിരുന്നു. പൂർണ്ണമായും ഫ്രാൻസിസ് മാർപാപ്പയുടേതെന്ന പ്രത്യേകത പുതിയ ചാക്രികലേഖനത്തിന് സ്വന്തമായുണ്ടാകും. വൈകാതെ ഇതു പ്രസിദ്ധീകരിക്കപ്പെടുമെന്ന് ഫാ. ലൊമ്പാർദി അറിയിച്ചു.

## സന്യസ്തർ സുവിശേഷം ജീവിക്കുന്നവരാകണം: കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ

കൊച്ചി: സന്യസ്തർ സുവിശേഷം ജീവിച്ചുകൊണ്ട് ക്രിസ്തുവിനെ ലോകത്തിന് കാണിച്ചുകൊടുക്കുന്നവരായിരിക്കണമെന്ന് കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ പ്രസ്താവിച്ചു. സമർപ്പിത വർഷത്തോടനുബന്ധിച്ച് പി.ഒ.സിയിൽ സംഘടിപ്പിക്കപ്പെട്ട 'കാദോഷ് ഫെസ്റ്റ്' (വിശുദ്ധിയുടെ ആഘോഷം) പഠനശിബിരം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സുവിശേഷം ജീവിക്കുന്നതിന്റെ ആനന്ദം തങ്ങളുടെ പ്രവർത്തനമേഖലയിലുടനീളം പ്രസരിപ്പിക്കുവാൻ സന്യസ്തർ ശ്രദ്ധിക്കണമെന്ന് കർദ്ദിനാൾ ആഹ്വാനം ചെയ്തു. സന്യസ്തരുടെ കമ്മീഷൻ ചെയർമാൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, വരാപ്പുഴ അതിരൂപത മെത്രാൻ റവ.ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ, എറണാകുളം-അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് എന്നിവർ പങ്കെടുത്തു. കെ.സി.ബി.സി. ഡപ്യൂട്ടി സെക്രട്ടറി റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, കെ.സി.എം.എസ്. പ്രസിഡന്റ് ഫാ. തോമസ് മഞ്ഞക്കുന്നേൽ സി.എം.ഐ. സെക്രട്ടറി സി. റോസിന സി.എം.സി. എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. "സമർപ്പിതർ മൂന്നാം സഹസ്രാബ്ദത്തിൽ പ്രതീക്ഷകളും വെല്ലുവിളികളും" എന്ന വിഷയത്തെക്കുറിച്ച് റവ. ഡോ. വിൻസന്റ് കുണ്ടുകുളം, ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വിവിധ രൂപതകളിൽ നിന്ന് 1200-ഓളം സന്യസ്തർ പഠനശിബിരത്തിലും പൊതുസമ്മേളനത്തിലും പങ്കെടുത്തു.

## ഭാരത സർക്കാരിന്റെ സുകന്യ സമൃദ്ധി യോജന അക്കൗണ്ട്

പത്ത് വയസ്സിൽ താഴെ പ്രായമുള്ള പെൺകുട്ടികൾക്കായി സുകന്യ സമൃദ്ധി അക്കൗണ്ട് എന്ന പേരിൽ ഉയർന്ന പലിശ ലഭിക്കുന്ന ലഘു സമ്പാദ്യ പദ്ധതി തപാൽ വകുപ്പിലൂടെ ഭാരത സർക്കാർ ആരംഭിച്ചിരിക്കുന്നു. പെൺകുട്ടികളുടെ ക്ഷേമത്തിനായി ആരംഭിച്ച ഈ പദ്ധതിയുടെ സവിശേഷതകൾ ചുവടെ ചേർക്കുന്നു. 10 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികളുടെ മാതാപിതാക്കൾക്കോ നിയമാനുസൃത രക്ഷകർത്താക്കൾക്കോ ഈ അക്കൗണ്ട് തുറക്കാവുന്നതാണ്. 9.1% വാർഷിക കൂട്ടുപലിശ നൽകുന്ന ഈ അക്കൗണ്ട് തുടങ്ങുവാൻ കേവലം 1000/- രൂപ മതിയാകും. 100 ന്റെ ഗുണിതങ്ങളായി 150000/- രൂപ വരെ ഒരു സാമ്പത്തിക വർഷം ഈ അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്. ഒരു വർഷം കുറഞ്ഞത് 1000/- രൂപയുടെ നിക്ഷേപമെങ്കിലും ഉണ്ടായിരിക്കണം എന്നുമാത്രം. 14 വർഷം തുടർച്ചയായി നിക്ഷേപിക്കുക. 21 വർഷം പൂർത്തിയാകുമ്പോൾ 50000/- രൂപാ മുതൽ 78 ലക്ഷം രൂപാ വരെ നിങ്ങൾക്ക് ലഭ്യമാകും. അക്കൗണ്ട് തുടങ്ങി 21 വർഷം തികയുമ്പോൾ നിക്ഷേപതുക പലിശസഹിതം പിൻവലിക്കാവുന്നതാണ്. 18 വയസ്സ് പൂർത്തീകരിക്കുമ്പോൾ ആവശ്യമെങ്കിൽ നിക്ഷേപതുകയുടെ 50% വരെ ഭാഗികമായി പിൻവലിക്കാവുന്നതാണ്.

ഒരു പെൺകുട്ടിയുടെ പേരിൽ ഒരു അക്കൗണ്ട് മാത്രമേ പാടുള്ളൂ. 2 പെൺകുട്ടികൾ ഉണ്ടെങ്കിൽ ഓരോരുത്തരുടെയും പേരിൽ ഓരോ അക്കൗണ്ട് തുറക്കാവുന്നതാണ്. തുടക്കമെന്ന നിലയിൽ 02-12-2003 നോ, അതിനുശേഷമോ ജനിച്ച എല്ലാ പെൺകുട്ടികൾക്കും ഈ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. 18 വയസ്സ് തികയുമ്പോൾ പെൺകുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്ക് ഈ സമ്പാദ്യം നല്ലൊരു മുതൽക്കൂട്ടായിരിക്കും. അതിനാൽ പെൺമക്കളുടെ നല്ല ഭാവിയെ കരുതുന്ന എല്ലാ മാതാപിതാക്കളും ഈ നിക്ഷേപ പദ്ധതിയിൽ അംഗങ്ങളാകുക. വിശദ വിവരങ്ങൾക്കും അക്കൗണ്ട് തുറക്കുന്നതിനുമായി തൊട്ടടുത്തുള്ള പോസ്റ്റാഫീസുമായി ബന്ധപ്പെടാവുന്നതാണെന്ന് കോട്ടയം പോസ്റ്റൽ ഡിവിഷൻ സീനിയർ സൂപ്രണ്ട് എ. രമാദേവി അറിയിച്ചു. ഫോൺ: 0481 2582970.